കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# കണ്ണൂർ ജില്ലാപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് – 2015-16

# ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.16/683/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
e-mail: lfaddistofficeknr@gmail.com.
Phone: 0497 2707698.

തീയ്യതി : 22-05-2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),

കണ്ണൂർ ജില്ലാ പഞ്ചായത്ത്.

സർ,

വിഷയം: കണ്ണൂർ ജില്ലാ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ജില്ലാ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്

1. സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം )
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (e-mail )
3. കാര്യാലയ പ്രതി.

ceeyar/-

നം.കെ.എസ്.എ/കെ.എൻ.ആർ/സി.16/683/2017. തീയ്യതി : 22-05-2017.

## <u>കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ*

*ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

## ആമുഖം

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1-4-2015മുതൽ 31-3-2016 വരെ വിവിധയിനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ജില്ലാപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ജില്ലാപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. വർഗ്ഗീസ് ജോസഫ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

..

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 29-08-2016 മുതൽ 13-10-2016 വരെ 06-03-2017 മുതൽ 23-03-2017 വരെ 03-04-2017 മുതൽ 26-04-2017 വരെ | ശ്രീ. എ.ആർ. ജിതേന്ദ്രൻ (29-08-2016 മുതൽ 31-08-2016വരെ) | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സി.വി. ജ്യോതിഷ് കുമാർ (01-09-2016 മുതൽ 13-10-2016 വരെ) (06.03.2017 മുതൽ 26.04.2017 വരെ) | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സുധീഷ്. എം.പി. (03-04-2017 മുതൽ 26-04-2017 വരെ) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ശശീന്ദ്രൻ. കെ (03-04-2017 മുതൽ 26-04-2017 വരെ) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി. റീന പിട്ടൻ<br>(03-04-2017 മുതൽ 26-04-2017 വരെ) | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഗണേശൻ കേളോത്ത് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. വിപിന വത്സരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ജീന. സി.പി.<br>(03-04-2017 മുതൽ 26-04-2017 വരെ) | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. വനജ മാടത്താൻ കണ്ടി<br>(03-04-2017 മുതൽ 26-04-2017 വരെ) | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | പ്രൊഫ: കെ.എ. സരള | 1-4-2015 മുതൽ 31-10-2015വരെ |
| | ശ്രീ. കാരായി രാജൻ | 19-11-2015 മുതൽ 6-2-2016വരെ |
| | ശ്രീമതി. പി.പി. ദിവ്യ. | 7-2-2016 മുതൽ 21-2-2016 വരെ |
| | ശ്രീ. കെ.വി. സുമേഷ് | 22-2-2016 മുതൽ 31-3-2016വരെ |
| ഭരണ നിർവ്വഹണ കമ്മിറ്റി | 1. ശ്രീ. ബാലകിരൺ, IAS, ബഹു: കണ്ണൂർ ജില്ലാ കലക്ടർ<br>2. ശ്രീ. എം.കെ.ശ്രീജിത്ത്, സെക്രട്ടറി<br>3 .ശ്രീ. കെ.എം. ശശിധരൻ, ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണർ PAU | 1-11-2015 മുതൽ 18-11-2015 വരെ |
| സെക്രട്ടറി | ശ്രീ. എം.കെ.ശ്രീജിത്ത്. | 1-4-2015 മുതൽ 31-3-2016 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥൻ

| | | |
|---|---|---|
| സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | ശ്രീ. എം.കെ.ശ്രീജിത്ത് | 1-4-2015 മുതൽ 31-3-2016 വരെ |
| ഹെഡ് മാസ്റ്റർ, ഫിഷറീസ് | ശ്രീ. ഉല്ലാസ് കുമാർ | 1-4-2015 മുതൽ 31-3-2016 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (WM) | ശ്രീ.ലാൽ ടി ജോർജ് | 1-4-2015 മുതൽ 12-4-2015 വരെ<br>6-2-2016 മുതൽ 31-3-2016 വരെ |
| | ശ്രീ.മെഹർബാൻ.ടി.എച്ച് | 13-4-2015 മുതൽ 30-6-2015 വരെ |

| | | |
|---|---|---|
| | ശ്രീ.നജീബ്. പി.എച്ച് | 1-7-2015 മുതൽ 20-11-2015വരെ |
| | ശ്രീമതി.ഗിരിജാദേവി. ടി | 21-11-2015 മുതൽ 5-2-2016 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (YP) | ശ്രീമതി.ഓമന കുരുകുരുത്താൻ | 1-4-2015 മുതൽ 11-2-2016 വരെ<br>1-3-2016 മുതൽ 31-3-2016 വരെ |
| | ശ്രീമതി.ബൃന്ദ വാലന്റീന | 12-2-2016 മുതൽ 28-2-2016 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | ഡോ. ശ്രീനിവാസൻ. വി | 1-4-2015 മുതൽ 6-7-2015 വരെ |
| | ഡോ. എൻ. ഖലീൽ | 7-7-2015 മുതൽ 31-3-2016 വരെ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി | ശ്രീ.സി.കെ. രാജ്മോഹൻ | 1-4-2015 മുതൽ 31-3-2016 വരെ |
| സൂപ്രണ്ട് ടെയിലറിംഗ് & ഗാർമെന്റ് മെയ്ക്കിംഗ് ട്രയിനിംഗ് സെന്റർ | ശ്രീമതി.ലിസാമ്മ ജോൺ | 1-4-2015 മുതൽ 31-3-2016 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | ശ്രീമതി.തങ്കമണി. വി.എം. | 1-4-2015 മുതൽ 18-5-2015 വരെ |
| | ശ്രീ. വസന്തൻ. ഇ | 19-5-2015 മുതൽ 31-3-2016 വരെ |
| കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ | ശ്രീ എം.വി. പ്രേമരാജൻ | 1-4-2015 മുതൽ 31-3-2016 വരെ |
| ജില്ലാ പ്രോഗ്രാം ഓഫീസർ, സാമൂഹ്യക്ഷേമം | ശ്രീമതി. വിമല. ടി | 1-4-2015 മുതൽ 17-10-2015 വരെ |
| | ശ്രീമതി. ബിന്ദു. സി.എ | 18-10-2015 മുതൽ 31-3-2016 വരെ |
| ജില്ലാ പട്ടികജാതി വികസന ഓഫീസർ | ശ്രീ.പത്മരാജൻ. കെ | 1-4-2015 മുതൽ 30-6-2015 വരെ |
| | ശ്രീമതി.ഇ.ഐ.സാവിത്രി | 1-7-2015 മുതൽ 6-7-2015 വരെ |
| | ശ്രീ. ശശി. പി | 7-7-2015 മുതൽ 14-1-2016 വരെ |
| | ശ്രീ.കെ.ജെ. മൈക്കിൾ | 15-1-2016 മുതൽ 31-3-2016വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | ശ്രീമതി.മറിയം ഹസീന. ടി.എം | 1-4-2015 മുതൽ 12-5-2015 വരെ |
| | ശ്രീ.ജെ.സുരേഷ് ബാബു | 13-5-2015മുതൽ 17-12-2015 വരെ |
| | ശ്രീ. ടി.വി. പരമേശ്വരൻ | 18-12-2015 മുതൽ 31-3-2016 വരെ |
| ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | ശ്രീ. നാരായണൻ. കെ | 1-4-2015 മുതൽ 15-4-2015 വരെ |
| | ശ്രീ. ടി.ടി. സെബാസ്റ്റ്യൻ | 16-4-2015 മുതൽ 30-10-2015 വരെ |

| | | |
|---|---|---|
| | | |
| | ശ്രീ.രാജീവൻ. കെ | 31-10-2015മുതൽ 2-2-2016 വരെ<br>29-2-2016 മുതൽ 31-3-2016 വരെ |
| | ശ്രീ.ഫ്രാൻസിസ്. എം.ജെ. | 3-2-2016 മുതൽ 28-2-2016 വരെ |
| ജില്ലാ മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ. റീന. കെ.ജെ | 1-4-2015 മുതൽ 25-6-2015 വരെ |
| | ഡോ.ബേബി. പി.കെ. | 26-6-2015 മുതൽ 31-3-2016 വരെ |
| മാനേജർ, ജില്ലാ വികസന കേന്ദ്രം | ശ്രീ. സുരേന്ദ്രനാഥ്.കെ | 1-4-2015 മുതൽ 31-3-2016 വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി | ശ്രീ.കെ.വി. സജീവൻ | 1-4-2015 മുതൽ 31-3-2016 വരെ |
| പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | ശ്രീ.കെ.എം. ശശിധരൻ | 1-4-2015 മുതൽ 31-3-2016 വരെ |
| ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം | ശ്രീ.പി.കെ. ഇസ്മയിൽ | 1-4-2015 മുതൽ 19-7-2015 വരെ |
| | ശ്രീ.ജേക്കബ് മാരിയൊ | 20-7-2015 മുതൽ 18-9-2015 വരെ |
| | ശ്രീ.ജീവരാജ്. ടി.വി | 19-9-2015മുതൽ30-11-2015വരെ<br>21-1-2016 മുതൽ 31-3-2016 വരെ |
| | ശ്രീ.ഹരീന്ദ്രൻ. വി.ജി | 1-12-2015 മുതൽ 6-12-2015 വരെ |
| | ശ്രീമതി.ശ്രീദേവി.എം.എസ്. | 7-12-2015 മുതൽ 20-1-2016 വരെ |
| കൃഷി ഓഫീസർ/ സീനിയർ കൃഷി ഓഫീസർ/ അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ- സ്റ്റേറ്റ് സീഡ് ഫാം | ശ്രീ. മോഹനൻ. കെ | 1-4-2015 മുതൽ 13-1-2016 വരെ<br>1-3-2016 മുതൽ 31-3-2016 വരെ |
| | ശ്രീമതി.രസന. കെ.പി. | 14-1-2016 മുതൽ 28-2-2016 വരെ |
| സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി- അലോപ്പതി | ഡോ. പ്രീത. പി.പി | 1-4-2015 മുതൽ 31-3-2016 വരെ |
| സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി- | ഡോ. ഷീല | 1-4-2015 മുതൽ 31-3-2016 വരെ |

| | | |
|---|---|---|
| ആയുർവ്വേദം | | |
| സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി-ഹോമിയോ | ഡോ.ഫിലോമിന പീറ്റർ | 1-4-2015 മുതൽ 31-3-2016 വരെ |
| അസി.ഡയറക്ടർ, കൃഷി-തെങ്ങിൻതൈ ഉല്പാദന കേന്ദ്രം, പാലയാട് | ശ്രീമതി.അനിത. ഐ. | 1-4-2015 മുതൽ 31-3-2016 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1 | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 | |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| ഭാഗം 2 - വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 11 | നടീൽ വസ്തുക്കൾ വിറ്റവകയിൽ ലഭിക്കാൻ ബാക്കിയുള്ള തുക ലഭ്യമായിട്ടില്ല | 2-1 | |
| 12 | വികസനകേന്ദ്രം കെട്ടിടം വാടകയ്ക്ക് നൽകിയത്- | 2-2 | |

| | | | |
|---|---|---|---|
| | അപാകങ്ങൾ | | |
| 13 | ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് ചെലവഴിച്ചിട്ടില്ല | 2-3 | |
| 14 | ഫാമുകളിൽ നിന്നുമുള്ള വരുമാനം കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്ന – ഭരണസമിതി തീരുമാനം നടപ്പാക്കിയില്ല | 2-4 | |
| 15 | പാലക്കോട് ഫിഷ് ലാന്റിംഗ് സെന്റർ - നാളിതുവരെ ലേല നടപടികൾ പൂർത്തി യാക്കിയില്ല. | 2-5 | |
| ഭാഗം 3 –ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 16 | സാങ്കേതിക പരിജ്ഞാനമില്ലാത്തവരെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ഏൽപ്പിക്കുന്ന | 3-1 | |
| 17 | 7.2കോടി രൂപയുടെ സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കിയില്ല | 3-2 | |
| 18 | അഡ്വാൻസ് നൽകിയ തുകകൾ ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 3-3 | |
| 19 | കുടുംബശ്രീ ട്രെയിനിംഗ് സെന്റർ പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല | 3-4 | |
| 20 | ന്യൂ മാഹി പാർക്ക് പ്രവർത്തനസജ്ജമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-5 | |
| 21 | ചിറക്കൽ ഹാൻവീവ് പ്രൊസ്സസ്സിംഗ് ഹൗസ് - പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതാണ് | 3-6 | |
| 22 | മയ്യിൽ വനിതാ വ്യവസായ എസ്റ്റേറ്റ് ആസ്തികൾ പ്രയോജനപ്പെടുത്തി വരുമാനം സൃഷ്ടിക്കുന്നില്ല - പൊതുധനം പാഴാകുന്നു | 3-7 | |
| 23 | കാർഷിക പരമ്പരാഗത വ്യവസായ ഉത്പന്ന പ്രദർശന വിപണന മേള | 3-8 | |
| 24 | സയൻസ് പാർക്ക് | 3-9 | |
| 25 | ആരുദ്ധം പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല | 3-10 | |
| 26 | ജില്ലാ ആശുപത്രി(അലോപ്പതി) - വൈദ്യുത കണക്ഷൻ ഹൈടെൻഷൻ ആക്കി മാറ്റൽ - തുക നൽകിയെങ്കിലും നാളിതുവരെയായി പ്രവൃത്തി ആരംഭിച്ചിട്ടില്ല. 1 കോടി രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-11 | |

| | | | |
|---|---|---|---|
| 27 | വേങ്ങാട് കൃഷി ഫാമിലെ തൊഴിലാളികളുടെ E.P.F വിഹിതം ഒടുക്കിയതിൽ വീഴ്ച- 1,46,544 രൂപയുടെഅധിക ചെലവ് | 3-12 | |
| 28 | സർക്കാർ അനുമതിയില്ലാതെ ജില്ലാ വെറ്റിനറി കേന്ദ്രത്തിൽ ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് നിർമ്മാണം | 3-13 | |
| 29 | പട്ടികജാതി കോളനികളിലെ സാംസ്കാരിക നിലയങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങി നൽകിയത്- ഉപയോഗിക്കാതെ കിടക്കുന്നു-₹559258 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-14 | |
| 30 | കൊളപ്പ വികലാംഗ പരിശീലനകേന്ദ്രം വൈദ്യുതീകരണവും പെയിന്റിങ്ങും -നിർവ്വഹണത്തിലെ അപാകങ്ങൾ ₹2,04,479 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-15 | |
| 31 | പട്ടികജാതി സങ്കേതങ്ങളിൽ സോളാർ വൈദ്യുതി രേഖകൾ ഹാജരാക്കിയില്ല– ₹24,67,316യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-16 | |
| 32 | പദ്ധതി രൂപീകരണം - ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന് അധികം നൽകിയ ₹1881യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-17 | |
| 33 | ജില്ലാ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ മുഴുവൻ മരുന്നും ലഭ്യമാകാത്തതിനാൽ ₹1,81,570 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-18 | |
| 34 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തതിനാൽ ₹ 97,74,278 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-19 | |
| 35 | SSAപദ്ധതിക്ക് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ ഇനം തിരിച്ചുള്ള ചെലവ് വിവരം ലഭ്യമാക്കിയില്ല. | 3-20 | |

| | | | |
|---|---|---|---|
| 36 | എസ്എസ്എ ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നില്ല | 3-21 | |
| 37 | ബഡ്സ് സ്കൂളുകൾക്ക് ധനസഹായം - കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തതിനാൽ ₹13,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-22 | |
| 38 | മീത്തൽ പറമ്പ് കുടിവെള്ള പദ്ധതി- ഗുണഭോക്തൃ വിഹിതത്തിന് പകരം വികസനഫണ്ട് ചെലവഴിച്ച ₹25,016 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-23 | |
| 39 | മരാമത്ത് പ്രവൃത്തികൾ-ആകെ പ്രവൃത്തി മൂല്യത്തിൽ ടെണ്ടർ ബിലോ കുറയ്ക്കുമ്പോൾ യന്ത്രോപകരണങ്ങളുടെ വാടക ഉൾപ്പെടുത്തിയിട്ടില്ല- ₹1,60,812 നഷ്ടം | 3-24 | |
| 40 | IAY മാച്ചിംഗ് ഗ്രാന്റ് -ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. | 3-25 | |
| 41 | ജില്ലാ പഞ്ചായത്തും കൃഷി ഫാമുകളും | 3-26 | |
| ഭാഗം 4 - പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 42 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 43 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 45 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 47 | ഓഡിറ്റ് റിക്കവറി | 4-6 | |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |

| | | | |
|---|---|---|---|
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 50 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 51 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 52 | റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് | 2 | |
| 53 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | 3 | |
| 54 | ബാലൻസ് ഷീറ്റ് | 4 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16-ലെ ബജറ്റ് 26-3-2015 ലെ 57/15(1)-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 27-2-2016-ലെ 32/16-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം ഉള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരം ഉള്ളത് ₹ | വാർഷിക കണക്ക് പ്രകാരം ഉള്ളത് ₹ | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|---|
| | | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 47,01,39,981 | 47,01,39,981 | 49,39,82,994.6 | 2,38,43,013.6 | - | 5.07 |
| വരവ് | 89,27,03,366 | 1,10,38,95,564 | 39,65,16,246 | - | 70,73,79,318 | -64.08 |
| ആകെ | 1,36,28,43,347 | 1,57,40,35,545 | 89,04,99,240.6 | - | 68,35,36,304.4 | -43.43 |
| ചെലവ് | 1,08,21,02,605 | 1,51,72,82,545 | 78,65,99,214 | - | 73,06,83,331 | -48.16 |
| നീക്കിയിരിപ്പ് | 28,07,40,742 | 5,67,53,000 | 10,39,00,026.6 | 4,71,47,026.6 | - | 83.07 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|---|

| | തീയതി | തീയതി | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 27-6-2016 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2015-16 | 26-9-2016, 27-9-2016 | വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം |

വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയും പ്രകാരം അപാകങ്ങളുണ്ട്.

1. റസീറ്റ് & പേമെന്റ് അക്കൗണ്ടിൽ ചെലവിനത്തിൽ മുൻകാല ഇനം എന്ന പേരിൽ (RP-26) ₹1380,957 നെഗറ്റീവ് തുകയായി കാണിച്ചിരിക്കുന്നത് എന്തെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല

2. വാടക രജിസ്റ്റർ പ്രകാരം 2015-16 വർഷത്തിൽ സർവ്വീസ് ടാക്സിനത്തിൽ ₹1,56,623 വരവുണ്ട്. എന്നാൽ AFS ലെ RP-36 ഷെഡ്യൂൾ പ്രകാരം ഈയിനത്തിലെ വരവ് തുക ₹80,727മാത്രമാണ്. B-9 ഷെഡ്യൂൾ പ്രകാരം വർഷാവസാനത്തിൽ ₹80,727 സർവ്വീസ് ടാക്സിനത്തിൽ ബാലൻസുണ്ട്. വ്യത്യാസം വിശദമാക്കപ്പെട്ടിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തിവിവരത്തിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

4. Deposit Register സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-7 Schedule-ലെ തുകകളുടെ ആധികാരികത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

5. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ അക്കൗണ്ട് നമ്പർ 10645614800 പ്രകാരമുള്ള 31-03-2016 ലെ നീക്കിയിരിപ്പ് തുകയായ ₹148920 വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹49,39,82,994.6 |
| വരവ് | ₹39,65,16,246 |
| ആകെ | ₹89,04,99,240.6 |
| ചെലവ് | ₹78,65,99,214 |

| നീക്കിയിരിപ്പ് | ₹10,39,00,026.6 |
|---|---|

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി ₹ | വരവ് ₹ | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക | ആകെ ₹ | ചെലവ് ₹ | നീക്കി യിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | 13,97,81,941 | 16,30,46,681 + 2,39,87,000 നബാർഡ് | (+) 1,11,41,499 | 33,79,57,121 | 33,79,57,121 | 0 |
| വികസനഫണ്ട് എസ്.സി.പി | 2,79,51,639 | 3,04,34,974 | (-) 1,11,41,499 | 4,72,45,114 | 4,72,45,114 | 0 |
| വികസനഫണ്ട് ടി.എസ്.പി | 71,62,647 | 1,24,87,914 | - | 1,96,50,561 | 1,96,50,561 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 19,05,25,948 | 5,00,11,463 | - | 24,05,37,411 | 24,05,37,411 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 4,19,78,082 | 47,19,634 | - | 4,66,97,716 | 4,66,97,716 | 0 |
| ബി. ഫണ്ട് | ഇല്ല | 3,03,36,740 | - | 3,03,36,740 | 3,03,36,740 | 0 |
| എസ്.എസ്.എ | 41,44,310 | 52,90,706 | - | 94,35,016.6 | 67,96,018 | 26,38,998.6 |
| മറ്റുള്ളവ | 8,24,38,427 | 7,62,01,134 | - | 15,86,39,561 | 5,73,78,533 | 10,12,61,028 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം | പദ്ധതി അടങ്കൽ | നടപ്പാ ക്കിയത് | പദ്ധതി ചെലവ് | ഭാഗിക മായി | നടപ്പാ ക്കാത്തവ | പൂർത്തീ കരിച്ച | പൂർത്തീ കരിച്ച |
|---|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | ₹ | (എണ്ണം) | ₹ | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്റ്റുകളുടെ എണ്ണം | പ്രോജക്റ്റുകളുടെ % |
|---|---|---|---|---|---|---|---|
| 880 | 1,40,44,61,717 | 534 | 72,56,10,874 | 335 | 346 | 199 | 22.61 |

അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റുകളുടെ എണ്ണം | | |
|---|---|---|---|---|
| | | നടപ്പിലാക്കാൻ ഉദ്ദേശിച്ചത് | നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് |
| 1 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | 34 | 23 | 11 |
| 2 | ഹെഡ് മാസ്റ്റർ, ഫിഷറീസ് | 2 | 1 | 1 |
| 3 | പ്രിൻസിപ്പാൾ, ഹയർസെക്കന്ററി സ്കൂൾ | 89 | 70 | 19 |
| 4 | ഹെഡ് മാസ്റ്റർ, ഹൈസ്കൂൾ | 119 | 100 | 19 |
| 5 | പ്രോജക്റ്റ് ഓഫീസർ, ഐടിഡിപി | 1 | 0 | 1 |
| 6 | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി | 2 | 2 | - |
| 7 | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | 3 | 1 | 2 |
| 8 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി | 15 | 7 | 8 |
| 9 | സൂപ്രണ്ട്, ടെയ് ലറിംഗ് & ഗാർമെന്റ് മേക്കിംഗ് ട്രെയിനിംഗ് സെന്റർ | 3 | 3 | - |
| 10 | ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | 5 | 4 | 1 |
| 11 | കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ | 4 | 1 | 3 |
| 12 | ജില്ലാ പ്രോഗ്രാം ഓഫീസർ, സാമൂഹ്യക്ഷേമം | 2 | 2 | - |
| 13 | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 4 | 4 | - |

| | | | | |
|---|---|---|---|---|
| 14 | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 1 | 1 | - |
| 15 | ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | 5 | 5 | - |
| 16 | ജില്ലാ മെഡിക്കൽ ഓഫീസർ, അലോപ്പതി | 3 | 3 | - |
| 17 | പ്രിൻസിപ്പാൾ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ | 6 | 5 | 1 |
| 18 | മാനേജർ, ജില്ലാ വികസന കേന്ദ്രം | 5 | 4 | 1 |
| 19 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽഎസ്ജിഡി | 540 | 267 | 273 |
| 20 | പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 5 | 5 | - |
| 21 | ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം | 10 | 8 | 2 |
| 22 | കൃഷി ഓഫീസർ/സീനിയർ കൃഷി ഓഫീസർ/ അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ- സ്റ്റേറ്റ് സീഡ് ഫാം | 4 | 2 | 2 |
| 23 | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി-അലോപ്പതി | 7 | 7 | - |
| 24 | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി-ആയുർവ്വേദം | 4 | 4 | - |
| 25 | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി-ഹോമിയോ | 4 | 4 | - |
| 26 | അസി.ഡയറക്ടർ,കൃഷി- തെങ്ങിൻതൈ ഉല്പാദന കേന്ദ്രം, പാലയാട് | 3 | 1 | 2 |
| | ആകെ | 880 | 534 | 346 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1.93% കുറവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | ഇല്ല | ഇല്ല | - | - |
| നികുതിയേതര വരവുകൾ | 3,44,23,506 | 3,36,39,267 | 7,84,239 | (-) 2.28 |
| മറ്റ് വരവുകൾ | 1,800 | 1,22,546 | 1,20,746 | (+) 6708 |
| ആകെ | 3,44,25,306 | 3,37,61,813 | 6,63,439 | (-) 1.93 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)ം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-4-2017 ന് 3.30 p.m മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 39,682 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെഓഡിറ്റ് | 25-7-16 മുതൽ 23-8-16 വരെ | 2011-12 മുതൽ 2015-16 വരെ | 10-11-2016 |
| പെർഫോമൻസ് ഓഡിറ്റ് | 21-11-16 മുതൽ 09-12-16 വരെ | 15-12-16 മുതൽ 22-11-16 വരെ | 20-3-2017 |

## 1-10 ആഭ്യന്തരനിയന്ത്രണം

2015-16 സാമ്പത്തിക വർഷത്തിൽ ആകെ 3 തവണ മാത്രമാണ് ജില്ലാ പഞ്ചായത്ത് ജീവനക്കാരുടെ യോഗം ചേർന്നിട്ടുള്ളത് (10-04-15, 28-04-15, 08-01-16). ഇതിൽ ആദ്യ യോഗത്തെ സംബന്ധിച്ചുള്ള അജണ്ടകളോ തീരുമാനങ്ങളോ മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പങ്കെടുത്തവർ ഒപ്പ് രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. മിനുട്ട്സ് ബുക്കിൽ പേജ് സർട്ടിഫിക്കറ്റ് എഴുതിയിട്ടില്ല. ഓഫീസ് ഉത്തരവുകൾ വഴി ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകിയിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ അധിക സമയങ്ങളിലും അവധി ദിവസങ്ങളിലും ജോലി ചെയ്യുന്നതിനും അതുവഴി ഓഫീസ്

പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്ന ഇൻകുമ്പൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും പൂർണ്ണമല്ല. ഒബ്ജക്ഷനുകളുടെ ചുരുക്കം രേഖപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. തുടർ നടപടികൾ സംബന്ധിച്ചും നിലവിലുള്ള അവസ്ഥ സംബന്ധിച്ചും വിശദമാക്കിയിട്ടില്ല. ആയത് കാലികമാക്കേണ്ടതാണ്. സെക്ഷനുകൾ തൻപതിവേടുകൾ എഴുതി പൂർത്തിയാക്കിയിട്ടില്ല. ആകെ 3 സെക്ഷനുകൾ മാത്രമാണ് രജിസ്റ്റർ എഴുതിയിട്ടുള്ളത്. ഇവയിൽ തന്നെ മുഴുവൻ കോളങ്ങളും പൂരിപ്പിച്ചിട്ടില്ല. ഇവ മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുമില്ല. സെക്ഷനുകൾ തൻപതിവേടുകൾ എഴുതി പൂർത്തിയാക്കി സമയ ബന്ധിതമായി സമർപ്പിക്കേണ്ടതും മേലുദ്യോഗസ്ഥർ ഇവ പരിശോധിക്കേണ്ടതുമാണ്. മേൽ പറഞ്ഞ അപാകതകൾ ഒഴിവാക്കി ആഭ്യന്തര നിയന്ത്രണം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 നടീൽ വസ്തുക്കൾ വിറ്റവകയിൽ ലഭിക്കാൻ ബാക്കിയുള്ള തുക ലഭ്യമായിട്ടില്ല.

എ. ജില്ല കൃഷി തോട്ടം, കരിമ്പം - ₹4,92,933

2015-16 വർഷം കരിമ്പം ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും വിവിധ സ്ഥാപനങ്ങൾക്ക് നടീൽ വസ്തുക്കൾ നൽകിയിട്ടുണ്ട്. എന്നാൽ താഴെ കൊടുത്ത സ്ഥാപനങ്ങൾക്ക് നൽകിയ നടീൽ വസ്തുക്കളുടെ വിലയായ ₹4,92,933 ജില്ല കൃഷി ഫാം കരിമ്പത്തിന് ലഭിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് (തീയ്യതി 22-03-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ₹4,92,933 ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ തീയ്യതി | തുക ₹ | നടീൽ വസ്തുക്കൾ വാങ്ങിയ സ്ഥാപനം |
|---|---|---|---|
| 1 | 01/15-16 /1-04-15 | 25,500 | KSSDA , അഡീഷണൽ ഡയറക്ടർ,തൃശ്ശൂർ |
| 2 | 11/15-16 /14-05-15 | 9,900 | കൃഷി ഭവൻ, പെരിങ്ങളം |
| 3 | 40/15-1 /03-06-15 | 9,900 | കൃഷി ഭവൻ, ശ്രീകണ്ഠാപുരം |
| 4 | 53/15-16 /10-06-15 | 18,920 | പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ, കണ്ണൂർ |

| | | | |
|---|---|---|---|
| 5 | 61/15-16 /19-06-15 | 37,500 | കൃഷി ഭവൻ, പയ്യാവൂർ |
| 6 | 62/15-16 /19-06-15 | 37,500 | കൃഷി ഭവൻ, ഇരിക്കൂർ |
| 7 | 65/15-16 /19-06-15 | 5,000 | കൃഷി ഭവൻ, മാട്ടൂൽ |
| 8 | 128/15-16 /2-07-15 | 5,400 | കൃഷി ഭവൻ, കോടിയേരി |
| 9 | 137/15-16 /21-8-15 | 1,50,000 | അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, KSSDA തൃശ്ശൂർ |
| 10 | 139/15-16/ 7-9-15 | 5,490 | SAO നാളികേര നഴ്സറി, പാലയാട് |
| 11 | 156/15-16 /27-10-15 | 3,150 | കൃഷി ഭവൻ, പാട്യം |
| 12 | 162/15-16 /4-11-15 | 1,830 | കൃഷി ഭവൻ, എടക്കാട് |
| 13 | 163/15-1 /07-11-15 | 375 | SAO/ADA SSF വേങ്ങാട് |
| 14 | 212/15-16 /21-11-15 | 5,400 | കൃഷി ഭവൻ, കടന്നപ്പള്ളി പാണപ്പുഴ |
| 15 | 213/15-16 /23-11-15 | 30,000 | ADA, ഇരിട്ടി |
| 16 | 216/15-16 /25-11-15 | 5,400 | കൃഷി ഭവൻ, എളയാവൂർ |
| 17 | 217/15-16 /25-11-15 | 24,000 | ADA കണ്ണൂർ |
| 18 | 220/15-16 /25-11-15 | 5,400 | കൃഷി ഭവൻ, മുണ്ടേരി |
| 19 | 229/15-16 /01-12-15 | 79,200 | ADA പയ്യന്നൂർ |

| | | | |
|---|---|---|---|
| 20 | 258/15-16 /09-12-15 | 5,400 | കൃഷി ഭവൻ, മൊകേരി |
| 21 | 259/15-16 /09-12-15 | 5,400 | കൃഷി ഭവൻ, പയ്യന്നൂർ |
| 22 | 268/15-16 /28-12-15 | 5,400 | കൃഷി ഭവൻ, പിണറായി |
| 23 | 293/15-16 /14-01-16 | 5,400 | കൃഷി ഭവൻ, കണിച്ചാർ |
| 24 | 324/15-16 /15-02-16 | 2,904 | കൃഷി ഭവൻ, വളപട്ടണം(വിവിധയിനം നടീൽ വസ്തുക്കളുടെ വിതരണത്തിനായുള്ള ഗതാഗത ചെലവ്) |
| 25 | 325/15-16 /15-02-16 | 4,500 | സെക്രട്ടറി, കല്ല്യാശ്ശേരി ബ്ലോക്ക് കാർഷിക സേവന കേന്ദ്രം, ഏഴോം |
| 26 | 330/15-16 /17-02-16 | 2,904 | കൃഷി ഭവൻ, ചിറക്കൽ |
| 27 | 338/15-16 /11-03-16 | 1,160 | Facilitator Agro Service Centre |
| ആകെ | | 4,92,933 | |

ബി. പാലയാട് കോക്കനട്ട് ഫാം -₹ 68,450 ലഭ്യമാക്കാത്തത്

വിവിധ കാലയളവുകളിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് നഴ്സറികൾ വിതരണം ചെയ്തയിനത്തിൽ താഴെപറയുന്ന തുകകൾ ലഭിക്കാനുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | നഴ്സറികൾ വിതരണം ചെയ്ത കാലയളവ് | ലഭിക്കാനുള്ള തുക ₹ |
|---|---|---|---|
| 1 | ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് കാസറഗോഡ് | 2012-13<br>2013-14 | 13000<br>21450 |
| 2 | മംഗൽ പാടി ഗ്രാമപഞ്ചായത്ത് കാസറഗോഡ് | 2012-13 | 4000 |

| | | | |
|---|---|---|---|
| 3 | മീഞ്ച ഗ്രാമപഞ്ചായത്ത് കാസറഗോഡ് | 2012-13 | 2400 |
| | | 2013-14 | 1925 |
| 4 | വോർക്കാടി ഗ്രാമപഞ്ചായത്ത് കാസറഗോഡ് | 2012-13 | 12000 |
| | | 2013-14 | 1925 |
| 5 | മൂളിയാർ ഗ്രാമപഞ്ചായത്ത് കാസറഗോഡ് | 2014-15 | 3500 |
| 6 | മൊകേരി ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ല | 2014-15 | 4000 |
| 7 | ധർമ്മടം ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ല | 2015-16 | 3750 |
| 8 | കൊളച്ചേരി ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ല | 2015-16 | 500 |
| | | ആകെ | 68450 |

വിവിധ കാലയളവുകളിൽ നഴ്സറികൾ വിതരണം ചെയ്തയിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള ₹68,450 പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 <u>വികസനകേന്ദ്രം കെട്ടിടം വാടകയ്ക്ക് നൽകിയത്-അപാകങ്ങൾ</u>

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വികസനകേന്ദ്രം കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് നൽകിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

I. വാടക മുഴുവനായും പിരിച്ചെടുത്തിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് പ്രതിമാസവാടക | കരാർ പ്രകാരം വാടക നൽകി തുടങ്ങേണ്ട മാസം | ആകെ നൽകിയ വാടക 2016 മാർച്ച് വരെ | നൽകാൻ ബാക്കിയുള്ളവാടക |
|---|---|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ₹1,46,723 | 2015 മെയ് (1-05-2015) | 6 x1,46,723 = ₹8,80,338 | 5 x1,46,723 =₹7,33,615 നവമ്പർ മുതൽ മാർച്ച് വരെ |

| | | | | |
|---|---|---|---|---|
| 2 | കഫേശ്രീ<br>₹35505 | 2015<br>ജൂലൈ (1-7-15) | 6 x 35,505<br>=₹2,13,030 | 3 x 35,505<br>=₹1,06,515<br>ജൂലൈ മുതൽ സെപ്തംബർ വരെ |
| ആകെ ഈടാക്കാനുള്ള വാടക | | | | ₹8,40,130 |

ഈടാക്കാൻ ബാക്കിയുള്ള വാടക എത്രയും പെട്ടെന്ന് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി ജില്ലപഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

2. മാസവാടക സമയ പരിധിക്കകം ജില്ലാപഞ്ചായത്തിൽ അടയ്ക്കുന്നില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾ പ്രതിമാസ വാടക ജില്ലാ പഞ്ചായത്തുമായി ചമച്ച കരാറിൽ നിഷ്കർഷിച്ച പ്രകാരമുള്ള സമയപരിധിക്കകം ഒടുക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | വാടക ഒടുക്കേണ്ട മാസം | കരാർ പ്രകാരം വാടക ഒടുക്കേണ്ട അവസാന തീയ്യതി | വാടക ഒടുക്കിയ തീയ്യതി /രശീതി നമ്പർ |
|---|---|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 2015 മെയ് | 31-05-2015 | 09-06-2015<br>11515400170 |
| 2 | | ജൂൺ | 30-06-2015 | 05-08-2015<br>11515400310 |
| 3 | | ജൂലൈ | 31-07-2015 | 04-09-2015<br>11515400365 |
| 4 | | ആഗസ്റ്റ് | 31-08-2015 | 09-09-2015<br>11515400367 |

| | | | | |
|---|---|---|---|---|
| 5 | | സെപ്റ്റംബർ | 30-09-2015 | 06-10-2015 11515400391 |
| 6 | കഫേശ്രീ | ഒക്ടോബർ | 31-10-2015 | 19-10-2015 11515400412 |
| 7 | | നവംബർ | 30-11-2015 | 20-01-2016 11515400480 |
| 8 | | ഡിസംബർ | 31-12-2015 | 20-01-2016 11515500023 |
| 9 | | ജനുവരി | 31-01-2016 | 11-03-2016 11515400539 |
| 10 | ജില്ല കോ-ഓപ്പറേറ്റീവ് ബാങ്ക്, കണ്ണൂർ | ഒക്ടോബർ | 31-10-2015 | 25-04-2016 11615400050 |
| 11 | | നവംബർ | 30-11-2015 | 25-04-2016 11615400050 |
| 12 | | ഡിസംബർ | 31-12-2015 | 25-04-2016 11615400050 |
| 13 | | ജനുവരി | 31-01-2016 | 25-04-2016 11615400050 |
| 14 | | ഫെബ്രുവരി | 29-02-2016 | 25-04-2016 11615400050 |
| 15 | | മാർച്ച് | 31-03-2016 | 25-04-2016 |

| | | | | |
|---|---|---|---|---|
| | | | | 11615400050 |
| 16 | സിണ്ടിക്കേറ്റ് ബാങ്ക്,കണ്ണൂർ | ഏപ്രിൽ | 04-04-2015 | 05-05-2015 11515400123 |
| 17 | | മെയ് | 04-05-2015 | 04-06-2015 11515400161 |
| 18 | | ജൂൺ | 04-06-2015 | 01-07-2015 11515400193 |
| 19 | | ജൂലൈ | 04-07-2015 | 10-08-2015 11515400332 |
| 20 | | ആഗസ്റ്റ് | 04-08-2015 | 11-09-2015 11515400369 |
| 21 | | സെപ്റ്റംബർ | 04-09-2015 | 08-10-2015 11515400393 |
| 22 | | ഒക്ടോബർ | 04-10-2015 | 18-11-2015 11515400431 |
| 23 | | നവംബർ | 04-11-2015 | 17-12-2015 11515400446 |
| 24 | | ഡിസംബർ | 04-12-2015 | 08-01-2016 11515400457 |
| 25 | | ജനുവരി | 04-01-2016 | 02-02-2016 11515400501 |

| | | | | |
|---|---|---|---|---|
| 26 | | ഫെബ്രുവരി | 04-02-2016 | 05-03-2016<br>11515400533 |
| 27 | | മാർച്ച് | 04-03-2016 | 21-03-2016 |

കരാർ പ്രകാരം തുക അടയ്ക്കാത്ത സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. തുടർവർഷങ്ങളിൽ പ്രതിമാസവാടക കരാറിൽ വ്യക്തമാക്കപ്പെട്ടത് പ്രകാരം ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ഭരണസമിതിയുടെ അനുമതിയില്ലാതെ മുറി വാടകയ്ക്ക് നൽകി

ജില്ലാപഞ്ചായത്ത് വികസനകേന്ദ്രം കെട്ടിടത്തിലെ റൂം നമ്പർ സി ഇ 34-762 E പഞ്ചായത്ത് എംപ്ലോയിസ് ആന്റ് പെൻഷനേഴ്സ് സൊസൈറ്റിക്ക് 01-10-2015 തീയ്യതിയിൽ പത്ത് വർഷത്തേക്ക് ₹36240 യ്ക്ക് പ്രതിമാസവാടക നിരക്കിൽ നൽകിയതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രശീതി നമ്പർ 11515500008/3-10-2015 പ്രകാരം മൂന്ന് മാസത്തെ വാടക മുൻകൂറായി പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടുണ്ട്. എന്നാൽ ജില്ലപഞ്ചായത്തിന്റെ 04-02-2016 ലെ സാധാരണ യോഗത്തിലെ 20/2016 തീരുമാനപ്രകാരം പ്രസ്തുത സ്ഥാപനത്തിന് റൂം നൽകേണ്ടതില്ലെന്നും ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം സ്ഥാപനത്തിന് റൂം വാടകയ്ക്ക് നൽകിയ ഭരണസമിതിയുടെ അനുമതിയില്ലാതെയാണെന്ന് വ്യക്തമാകുന്നു. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. സർവ്വീസ് ടാക്സ് ഈടാക്കുന്നതിലും ഒടുക്കുന്നതിലുമുള്ള വീഴ്ചകൾ

വികസന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും വാടകയോടൊപ്പം ഈടാക്കേണ്ടുന്ന സർവ്വീസ് ടാക്സ് ഈടാക്കുന്നതിലും സമയ ബന്ധിതമായി ബന്ധപ്പെട്ട കണക്കിനത്തിൽ ഒടുക്കുന്നതിലും വീഴ്ചവരുത്തിയിട്ടുണ്ട്.
2015-16 വാർഷിക ധനകാര്യപത്രിക പ്രകാരം സർവ്വീസ് ടാക്സ് ഇനത്തിൽ ₹80727 വരവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് (RP-36). 2015-16 വർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ബി-9 പട്ടികയിൽ പ്രസ്തുത തുക ബന്ധപ്പെട്ട ഗവൺമെന്റ് ഹെഡിലേക്ക് ഒടുക്കാതെ ബാലൻസായി നിലനിൽക്കുന്നുണ്ട്. യഥാസമയം സർവ്വീസ് ടാക്സ് ഒടുക്കുന്നതും ബന്ധപ്പെട്ട റിട്ടേണുകൾ സമയ ബന്ധിതമായി ഫയൽ ചെയ്യേണ്ടതും സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് പിഴ പലിശ ബാധ്യത വരുത്തുമെന്നതിനാൽ സർവ്വീസ് ടാക്സ് സമയബന്ധിതമായി ഒടുക്കുന്നതിനും ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിനും ആവശ്യമായ ജാഗ്രത പുലർത്തേണ്ടതാണ്.

## **2-3** <u>ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് ചെലവഴിച്ചിട്ടില്ല.</u>

2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-4ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്ത 10,29,576/- രൂപ 31-3-2016-ന് ചെലവഴിക്കാതെ

ബാക്കിയുണ്ട്. ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് യഥാസമയം വിനിയോഗിക്കാതെയിരിക്കുന്നത് ഉചിതമല്ല. ഉപയോഗിക്കാതെ നീക്കിയിരിപ്പുള്ള തുക ബന്ധപ്പെട്ട പ്രോജക്ടുകൾക്കായി വിനിയോഗിക്കുകയോ അല്ലെങ്കിൽ ഗുണഭോക്തൃവിഹിതം തിരിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 2-4 ഫാമുകളിൽ നിന്നുമുള്ള വരുമാനം കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു ഭരണസമിതി തീരുമാനം നടപ്പാക്കിയില്ല.

കണ്ണൂർ ജില്ല പഞ്ചായത്തിന്റെ കീഴിലുള്ള ഫാമുകളിൽ നിന്നുമുള്ള വരുമാനം കണ്ണൂർ ജില്ല ട്രഷറി സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. പ്രസ്തുത ഫാമുകളിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിൽ നിന്ന് നിശ്ചിത കാലത്തേക്കുള്ള ചെലവിനുള്ള തുക കഴിച്ച് ബാക്കി തുക സ്ഥിരനിക്ഷേപമായോ സേവിങ്ങ്സ് അക്കൗണ്ടിലേക്കോ മാറ്റി നിക്ഷേപിച്ചിരുന്നുവെങ്കിൽ പലിശ ഇനത്തിൽ ജില്ല പഞ്ചായത്തിന് വരുമാനം ലഭിക്കുമായിരുന്നു. ജില്ല പഞ്ചായത്തിന്റെ കീഴിലുള്ള ഫാമുകളിൽ നിന്നുമുള്ള വരുമാനത്തിന്റെ നീക്കിയിരിപ്പ് വിവരം ചുവടെ കൊടുക്കുന്നു.

| ഫാമിന്റെ പേര് | വർഷാന്ത്യ നീക്കിയിരിപ്പ് 2012-13 | വർഷാന്ത്യ നീക്കിയിരിപ്പ് 2013-14 | വർഷാന്ത്യ നീക്കിയിരിപ്പ് 2014-15 | വർഷാന്ത്യ നീക്കിയിരിപ്പ് 2015-16 |
|---|---|---|---|---|
| ജില്ല കൃഷി ഫാം കരിമ്പം | 77,55,633 | 1,11,18,879 | 23,70,844 | 29,83,127 |
| കോക്കനട്ട് നഴ്സറി പാലയാട് | 52,74,469 | 89,60,460 | 1,53,34,135 | 2,14,32,440 |
| സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട് | 15,42,532 | 11,23,382 | 15,68,336 | 23,71,471 |
| സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ | 25,88,734 | 17,94,030 | 29,09,669 | 37,42,949 |
| ആകെ | 1,71,61,368 | 2,29,96,751 | 2,21,82,984 | 3,05,29,987 |

ഇപ്രകാരം ഫണ്ട് കറന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചത് മൂലം പലിശ ഇനത്തിൽ ജില്ലാ പഞ്ചായത്തിന് ലഭിക്കുമായിരുന്ന വരുമാനം നഷ്ടമാവുന്നുണ്ട്. ജില്ല പഞ്ചായത്ത് ഭരണസമിതിയുടെ 30-07-2015-ന് ചേർന്ന ഭരണസമിതി തീരുമാനം നം 98/2015(1) പ്രകാരം കണ്ണൂർ ജില്ല ട്രഷറി സ്പെഷ്യൽ ടി .എസ് .ബി അക്കൗണ്ടിൽ ഫാം റവന്യൂ ഇനത്തിൽ മുൻവർഷങ്ങളിൽ മിച്ചം വന്ന തുകയിൽ നിന്ന് നിശ്ചിത ശതമാനം തുക 6 മാസത്തേക്ക് സ്ഥിരനിക്ഷേപമായി ട്രഷറിയിൽ നിക്ഷേപിക്കുന്നതിനും ആയതിന്റെ പലിശ ഇനത്തിൽ ലഭിക്കുന്ന തുക അതാത് സ്ഥാപനത്തിന്റെ ചെലവിനായി വിനിയോഗിക്കുന്നതിനും

തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി പ്രസ്തുത തീരുമാനം നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത തീരുമാനം നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 2-5 പാലക്കോട് ഫിഷ് ലാന്റിംഗ് സെന്റർ - നാളിതുവരെ ലേല നടപടികൾ പൂർത്തി യാക്കിയില്ല.

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള മത്സ്യ വിപണനകേന്ദ്രമാണ് രാമന്തളി ഗ്രാമ പഞ്ചായത്തിലെ പാലക്കോട് ഫിഷ് ലാന്റിംഗ് സെന്റർ. ജില്ലയിലെ പ്രധാന മത്സ്യവിപണന കേന്ദ്രമാണിത്. മത്സ്യം കൊണ്ടുപോകുന്നതിന് നിരവധി വാഹനങ്ങൾ ഇവിടെ വന്നു പോകുന്നുണ്ട്. മോട്ടോർ ഘടിപ്പിച്ച നിരവധി മത്സ്യബന്ധന വള്ളങ്ങൾ ഈ ഫിഷ് ലാന്റിംഗ് സെന്ററുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. ജി.ഒ.(എം.എസ്.) 309/2012/എഫ്. ആന്റ് പി.ഡി. തീയതി 31-03-2012 പ്രകാരം മത്സ്യബന്ധന സ്ഥലങ്ങളിലെയും തുറമുഖങ്ങളിലെയും വിവിധങ്ങളായ സേവനങ്ങൾക്കും, സൗകര്യങ്ങൾക്കും ഈടാക്കിക്കൊണ്ടിരിക്കുന്ന ഫീ നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത നിരക്കുകൾ ജി.ഒ.(പി) 409/2014/ധന, തീയതി 23-09-2014 പ്രകാരം 01-10-2014 തീയതി മുതൽ പ്രാബല്യത്തിൽ വന്നിട്ടുമുണ്ട്. എന്നാൽ ഈയിനത്തിൽ യാതൊരു വരവും ജില്ലാ പഞ്ചായത്തിന് നാളിതുവരെ ലഭിച്ചിട്ടില്ല. ഇതിന്റെ ഭാഗമായി മത്സ്യബന്ധന കേന്ദ്രത്തിലെ വിവിധങ്ങളായ സേവനങ്ങൾക്കും സൌകര്യങ്ങൾക്കും പുതുക്കിയ നിരക്കിലുള്ള ഫീസ് ഈടാക്കാനുള്ള അവകാശം ലേലം ചെയ്ത് നൽകുന്നതിനുള്ള ചുമതല ജില്ലാപഞ്ചായത്തിന്റെ 05-12-2014 ലെ 156/14- ാം നമ്പർ തീരുമാനപ്രകാരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയെങ്കിലും ലേല നടപടികൾ സംബന്ധിച്ച തുടർനടപടികൾ ഫയലിൽ ലഭ്യമല്ല. ഇക്കാര്യം മുൻ റിപ്പോർട്ടിൽ (2014-15) പരാമർശിച്ചിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 16, തീയ്യതി 21-03-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ലേല നടപടികൾ പൂർത്തിയാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സാങ്കേതിക പരിജ്ഞാനമില്ലാത്തവരെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ഏൽപ്പിക്കുന്നു

സർക്കാർ സ്കൂളുകളിലെ പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ എന്നിവർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | നടപ്പിലാക്കാൻ ഉദ്ദേശിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം |
|---|---|---|---|

| | | നടപ്പിലാക്കുന്നതിന് സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ളവ | മറ്റുള്ളവ | ആകെ | നടപ്പിലാക്കുന്നതിന് സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ളവ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 1 | പ്രിൻസിപ്പൽ | 49 | 40 | 89 | 35 | 35 | 70 |
| 2 | ഹെഡ് മാസ്റ്റർ | 81 | 43 | 124 | 68 | 36 | 104 |
| 3 | VHSS പ്രിൻസിപ്പൽ | 5 | 1 | 6 | 5 | 0 | 5 |
| | ആകെ | 135 | 84 | 219 | 108 | 71 | 179 |

ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ, ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർ, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ 2015-16 വർഷം സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള 108 പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. എഞ്ചിനീയറിംഗ് രംഗത്ത് സാങ്കേതിക പരിജ്ഞാനമില്ലാത്ത സ്കൂൾ പ്രിൻസിപ്പൽമാരേയും ഹെഡ് മാസ്റ്റർമാരേയും സ്കൂളുകളുമായി ബന്ധപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ഏൽപ്പിക്കുന്നത് വഴി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം, ഗുണനിലവാരം, ഉദ്ദേശിച്ച പ്രവൃത്തി തന്നെയാണോ ചെയ്തത് എന്ന് ഉറപ്പുവരുത്തുക എന്നിവ പരിശോധിക്കാനാവാതെ വരുന്നു. പ്രസ്തുത ഉദ്യോഗസ്ഥൻമാർക്ക് സ്കൂളുകളുമായി ബന്ധപ്പെട്ടുള്ള ദൈനം ദിന ചുമതലകൾ നിർവ്വഹിക്കുന്നതിൽ തടസം സൃഷ്ടിക്കുന്നത് കൂടാതെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടാകാനും ഈ നടപടി ഇടയാക്കുന്നുണ്ട്. പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്തിന് സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗം പ്രവർത്തിക്കുന്നുണ്ട് അതുപോലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും അവരുടെ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗം പ്രവർത്തിക്കുന്നുമുണ്ട്. പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നത് എഞ്ചിനീയറിംഗ് രംഗത്ത് സാങ്കേതിക പരിജ്ഞാനമുള്ള നിർവ്വഹണ ഉദ്യോഗസ്ഥൻമാരാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-2 7.2കോടി രൂപയുടെ സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കിയില്ല

ജില്ലാ പഞ്ചായത്തിന്റെ ചെലവു പത്രിക പ്രകാരം 2015-16 സാമ്പത്തിക വർഷം ആകെ 880 പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിൽ 346 പ്രോജക്ടുകൾ ജില്ലാപഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. ആകെയുള്ള 880 പ്രോജക്ടിൽ മുൻവർഷങ്ങളിൽ പൂർത്തിയാക്കാത്ത 393 സ്പിൽ ഓവറായ പ്രോജക്ടുകളും ഉൾപ്പെടുന്നുണ്ട്. 2015-16 ൽ

നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച 393 സ്പിൽ ഓവർ പ്രോജക്റ്റുകളിൽ 118 എണ്ണം തൻവർഷം നടപ്പിലാക്കാത്തവയാണ്. 2015-16 ൽ ആകെ ₹72,56,10,874 അടങ്കൽ ലക്ഷ്യംവച്ച് കൊണ്ട് 880 പ്രോജക്റ്റുകൾ രൂപകല്പന ചെയ്തതിൽ ₹7,20,05,943 യുടെ 118 സ്പിൽ ഓവർ പ്രോജക്റ്റുകളാണ് യാതൊരു തുകയും ചെലവഴിക്കാതെയിരുന്നിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കാത്ത സ്പിൽ ഓവർ പ്രോജക്റ്റുകളുടെ വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക (ഫണ്ട്) |
|---|---|---|---|
| 1. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | | | |
| 1. | 594/16 | ചേറ്റടി എസ് സി കോളനി കുടിവെള്ള പദ്ധതി | 353376 (വികസന ഫണ്ട് -എസ് സിപി) |
| 2. | 595/16 | കപ്പോൾ മടക്കാം പൊയിൽ കുടിവെള്ള പദ്ധതി | 526035 (വികസന ഫണ്ട് -എസ് സിപി) |
| 3. | 596/16 | മുണ്ടേരി കുടിവെള്ള പദ്ധതി | 254000 (വികസന ഫണ്ട്-എസ് സിപി) |
| 4. | 597/16 | വെള്ളച്ചാൽ കുടിവെള്ള പദ്ധതി | 636000 (വികസന ഫണ്ട് -എസ് സിപി) |
| 5. | 598/16 | നെല്ലിയാട്ട് കുടിവെള്ള പദ്ധതി | 144320 (വികസന ഫണ്ട്-എസ് സിപി) |
| 6. | 599/16 | വടക്കിനിയില്ലം കുടിവെള്ള പദ്ധതി | 4971 (വികസന ഫണ്ട്- ടിഎസ് പി) |
| 7. | 630/16 | സയൻസ് പാർക്കിലെ എക്സിബിറ്റുകളുടെ അറ്റകുറ്റപ്പണി | 65000 (മെയിന്റനൻസ് ഗ്രാന്റ്- NR) |
| 8. | 632/16 | കാട്ടാമ്പള്ളി ചിറ കുടിവെള്ള പദ്ധതി (കല്ല്യാശ്ശേരി) | 569563(477563-വികസനഫണ്ട് പൊതു +92000 -മറ്റുള്ളവ) |
| 2. പ്രിൻസിപ്പൽ, ഹയർസെക്കന്ററി സ്കൂൾ | | | |

| | | | |
|---|---|---|---|
| 9 | 95/16 | ജിഎച്ച്എസ്എസ് പള്ളിക്കുന്ന് ടോയ് ലറ്റ് യൂണിറ്റ് (ഹയർസെക്കന്ററി ഫണ്ട്) | 340000 (മറ്റുള്ളവ) |
| 10 | 97/16 | ജിഎച്ച്എസ്എസ് പാപ്പിനിശ്ശേരി ക്ലാസ്സ് മുറി നിർമ്മാണം | 68114 (വികസനഫണ്ട്-പൊതുവിഭാഗം) |
| 11 | 123/16 | ജിഎച്ച്എസ്എസ് മയ്യിൽ ടോയ് ലറ്റ് യൂണിറ്റ് (ഹയർസെക്കന്ററി ഫണ്ട്) | 250950(10950-മെയിന്റനൻസ് ഫണ്ട് റോഡിതരം +240000-മറ്റുള്ളവ) |
| 12 | 161/16 | ജിഎച്ച്എസ്എസ് പുഴാതി ടോയ് ലറ്റ് യൂണിറ്റ് (ഹയർസെക്കന്ററി ഫണ്ട്) | 120000 (മറ്റുള്ളവ) |
| 13 | 162/16 | ജിഎച്ച്എസ്എസ് പുഴാതി അറ്റകുറ്റപണി | 300000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| 14 | 170/16 | ജിഎച്ച്എസ്എസ് മാലൂർ ത്രീ ഫേസ് ലൈൻ വലിക്കൽ | 24524 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| 15 | 177/16 | ജിഎച്ച്എസ്എസ് മാടായി ബോയ്സ് ടോയ് ലറ്റ് യൂണിറ്റ് (ഹയർസെക്കന്ററിഫണ്ട്) | 180000 (മറ്റുള്ളവ) |
| 16 | 229/16 | ജിഎച്ച്എസ്എസ് നെട്ടുങ്ങോം ലാബ് സജ്ജീകരണം | 300000 (വികസനഫണ്ട്-പൊതുവിഭാഗം) |
| 17 | 235/16 | ജിഎച്ച്എസ്എസ് ചെറുകുന്ന് വെൽഫേർ ടോയ് ലറ്റ് യൂണിറ്റ് (ഹയർസെക്കന്ററി ഫണ്ട്) | 80000 (മറ്റുള്ളവ) |
| 18 | 237/16 | ജിഎച്ച്എസ്എസ് ചെറുതാഴം സാനിടേഷൻ | 35000(സംസ്ഥാനാ വിഷ്ഠതം) |
| 19 | 242/16 | ജിഎച്ച്എസ്എസ് കൊട്ടില മെയിന്റനൻസ് | 300000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |

| | | | |
|---|---|---|---|
| 20 | 884/16 | ജിഎച്ച്എസ്എസ് പാട്യം ടോയ് ലറ്റ് യൂണിറ്റ് (ഹയർസെക്കന്ററി ഫണ്ട്) | 860000(333000-മെയിന്റനൻസ് ഫണ്ട് റോഡിതരം +527000 മറ്റുള്ളവ) |
| 3. ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | | | |
| 21 | 881/16 | ജില്ലാ വെറ്ററിനറി കേന്ദ്രം ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് നിർമ്മാണം | ജില്ലാ വെറ്ററിനറി കേന്ദ്രം ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് നിർമ്മാണം |
| 4. അസി.എക്സി. എഞ്ചിനീയർ, കൃഷി | | | |
| 22 | 145/16 | കാങ്കോൽ കൃഷി ഫാമിൽ അടിസ്ഥാന സൗകര്യ വികസനം | 1150000 (വികസന ഫണ്ട് പൊതുവിഭാഗം) |
| 23 | 147/16 | പാടശേഖര സമിതികൾക്കും തൊഴിൽ സേനകൾക്കും യന്ത്രങ്ങൾ സൂക്ഷിക്കുന്നതിന് ഷെഡ് നിർമ്മാണം | 1332800 (1120000വികസന ഫണ്ട് പൊതുവിഭാഗം+212800മറ്റുള്ളവ) |
| 5. ഹെഡ് മാസ്റ്റർ, ഗവ. ഹൈസ്കൂൾ | | | |
| 24 | 89/16 | പട്ടുവം ജി.എച്ച്.എസ്.എസിന് ചുറ്റുമതിൽ നിർമ്മാണം | 164190 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| 25 | 90/16 | ജി.എച്ച്.എസ്.എസ് പട്ടുവം ടോയ്‌ലറ്റ് കുടിവെള്ളം | 317758 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| 26 | 91/16 | ജി.എച്ച്.എസ്.എസിന് പട്ടുവം പാചകപ്പുര മെയിന്റനൻസ് | 100000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| 27 | 153/16 | ജി.എച്ച്.എസ്.എസ് ശ്രീകണ്ഠാപുരം കുടിവെള്ളം | 300000 (വികസനഫണ്ട് പൊതുവിഭാഗം) |
| 28 | 154/16 | ശ്രീകണ്ഠാപുരം ഗവ. ഹയർ സെക്കന്ററി സ്കൂൾ അറ്റകുറ്റപണി | 237000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |

| | | | |
|---|---|---|---|
| | | | |
| 29 | 155/16 | ജി.എച്ച്.എസ്.എസ് ശ്രീകണ്ഠാപുരം സ്റ്റേജിനു മുകളിൽ ഒന്നാം നില നിർമ്മാണം | 1550000<br>(വികസനഫണ്ട് പൊതുവിഭാഗം) |
| 30 | 157/16 | ഐ.എം.എൻ.എസ്.ജി.എച്ച്.എസ്.എസ് മയ്യിൽ അറ്റകുറ്റപണി | 300000<br>(വികസനഫണ്ട് പൊതുവിഭാഗം) |
| 31 | 158/16 | ഐ.എം.എൻ.എസ്.ജി.എച്ച്.എസ്.എസ് മയ്യിൽ ലാബ് സജ്ജീകരണം | 200000<br>(വികസനഫണ്ട് പൊതുവിഭാഗം) |
| 32 | 188/16 | അരോളി ജി.എച്ച്.എസ്.എസ് സാനിറ്റേഷൻ സൗകര്യങ്ങൾ | 195000 (140000- സംസ്ഥാനാവിഷ്കൃതം+ 55000- മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| 33 | 241/16 | ജി.എച്ച്.എസ്. എസ് കൊട്ടില അറ്റകുറ്റപണി | 300000 (മെയിന്റനൻസ് ഫണ്ട്റോ ഡിതരം) |
| 6. എക്സിക്യൂട്ടിവ് എഞ്ചിനീയർ, ത.സ്വ.ഭ.വ | | | |
| 34 | 92/16 | ജി.എച്ച്. എസ്.എസ് പട്ടുവം ആസ്ബസ്റ്റോസ് ഷീറ്റ് മാറ്റൽ | 1000000<br>(മെയിന്റനൻസ് റോഡിതരം ) |
| 35 | 94/16 | ജി.എച്ച്. എസ്.എസ് പള്ളിക്കുന്ന് ടോയ്‌ലറ്റ് പുനരുദ്ധാരണം,ഡ്രൈനേജ് | 800000<br>(വികസനഫണ്ട് പൊതുവിഭാഗം) |
| 36 | 180/16 | മാതമംഗലം ജി.എച്ച്.എസ്.എസ് ക്ലാസ് മുറി വൈദ്യുതീകരണം | 300000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| 37 | 244/16 | ഇ.കെ.എൻ.എസ്.ജി. എച്ച്. എസ്.എസ് വേങ്ങാട് ആസ്ബസ്റ്റോസ് ഷീറ്റ് മാറ്റൽ | 1000000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| 38 | 298/16 | കട്ടിമാവിൻ കീഴിൽ പെരിങ്ങാനം മാലൂർ റോഡ് മാലൂർ ഗ്രാമപഞ്ചായത്ത് | 422100<br>(മെയിന്റനൻസ് ഫണ്ട് റോഡ്) |

| | | | |
|---|---|---|---|
| 39 | 315/16 | കാട്ടിലെപീടിക വെങ്ങാറമ്പ് ചിറവയൽ റോഡ് - കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് | 125511 (മെയിന്റനൻസ് ഫണ്ട് റോഡ്) |
| 40 | 331/16 | വാണിയപാറ എസ് സി കോളനി റോഡ് - അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് | 1000000 (മെയിന്റനൻസ് ഫണ്ട് റോഡ്) |
| 41 | 348/16 | ചമ്പോളിമുക്ക് പടന്നക്കര റോഡ് - കരിയാട് ഗ്രാമപഞ്ചായത്ത് | 1000000 (മെയിന്റനൻസ് ഫണ്ട് റോഡ്) |
| 42 | 363/16 | വളയാർ അക്വഡറ്റ് സമാന്തര റോഡ് - കീഴല്ലൂർ ഗ്രാമപഞ്ചായത്ത് | 1000000 (മെയിന്റനൻസ് ഫണ്ട് റോഡ്) |
| 43 | 380/16 | മൂന്നാംപീടിക ബോട്ട്കടവ് റോഡ് - ഏഴോം ഗ്രാമപഞ്ചായത്ത് | 1000000 (മെയിന്റനൻസ് ഫണ്ട് റോഡ്) |
| 44 | 389/16 | പാറേമ്മൽ മൊകേരിലിങ്ക് റോഡ് | 1330000 (മെയിന്റനൻസ് ഫണ്ട് റോഡ്) |
| 45 | 407/16 | കോട്ടമുക്ക് വയൽപീടിക റോഡ് - പിണറായി ഗ്രാമപഞ്ചായത്ത് | 1000000 (വികസനഫണ്ട് പൊതുവിഭാഗം) |
| 46 | 417/16 | കൺസ്ട്രക്ഷൻ ഓഫ് പുല്ലൂപ്പി കോളനി ഓവുചാൽ നിർമ്മാണം (പുഴാതി ഗ്രാമപഞ്ചായത്ത്) | 1000000 (വികസനഫണ്ട് എസ് സിപി) |
| 47 | 421/16 | കയറ്റീൽശ്മശാനം ചുറ്റുമതിൽ - കണ്ണപുരം ഗ്രാമപഞ്ചായത്ത് | 100000 (വികസനഫണ്ട് എസ് സിപി) |
| 48 | 422/16 | കണ്ടായിട്ടമ്മൽ ഹരിജൻ കോളനി ശ്മശാനം കെട്ടിടംപുനർനിർമ്മാണം - (വിറക് പുര) | 100000 (വികസനഫണ്ട് എസ് സിപി) |
| 49 | 423/16 | അവിഞ്ഞിയിൽ കോളനി ശ്മശാനം നവീകരണം, ചുറ്റുമതിൽ, ചൂള ചെറുതാഴം ഗ്രാമപഞ്ചായത്ത് | 1200000 (വികസനഫണ്ട് എസ് സിപി)) |
| 50 | 429/16 | നിടുകുളം അഴീക്കോടൻ വായനശാല നിടുകുളം സ്കൂൾ റോഡ് -0/000 to 0/600 | 1500000 |

| | | | |
|---|---|---|---|
| | | km കൂടാളി ഗ്രാമപഞ്ചായത്ത് | (വികസനഫണ്ട് പൊതുവിഭാഗം) |
| 51 | 435/16 | ദാരുപള്ളി കുറ്റ്യാട്ടൂർ റോഡ് - കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് | 499362 (വികസനഫണ്ട് പൊതുവിഭാഗം) |
| 52 | 436/16 | പൂവത്തിൻ കീഴിൽ മൊടോളി തൊടീകുളം റോഡ് -0/000 to 1/500 km ചിറ്റാരിപറമ്പ്ഗ്രാമപഞ്ചായത്ത് | 82075 (മെയിന്റനൻസ് ഫണ്ട് റോഡ്) |
| 53 | 437/16 | ആയിത്തറ മീഞ്ചിറയിൽ റോഡ് -മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് | 74870 (മെയിന്റനൻസ് ഫണ്ട് റോഡ്) |
| 54 | 439/16 | കെവി മന്ദിരം സിഎൻസി റോഡ് -0/000 to 1/800 km കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് | 1500000 (മെയിന്റനൻസ് ഫണ്ട് റോഡ്) |
| 55 | 446/16 | കരിങ്കയം കാട്ടയാൽ കുടിവെള്ളപദ്ധതി പൂർത്തീകരണം ചപ്പാരപടവ് | 1416813 (1246813-വികസന ഫണ്ട് + 170000മറ്റുള്ളവ) |
| 56 | 447/16 | കാരക്കുന്ന് കുടിവെള്ള ടാങ്ക് നിർമ്മാണം | 916692 (വികസന ഫണ്ട് എസ് സിപി) |
| 57 | 451/16 | ടിപ്പപാലം കവല റോഡ് ടാറിംഗ് chainage 1/005to1/435 | 1050000 (വികസന ഫണ്ട് പൊതുവിഭാഗം) |
| 58 | 452/16 | പഴയങ്ങാടി മാട്ടൂൽ വാടിക്കൽ കടവ് റോഡ് പുനരുദ്ധാരണം chainage 0/000 to 2/450 | 2917657 (മെയിന്റനൻസ് റോഡ്) |
| 59 | 453/16 | കാവുമ്പായി കൂട്ടമുഖം കരിവെള്ളൂർ റോഡ് - കുറുമാത്തൂർ പഞ്ചായത്ത് | 4051375 (മെയിന്റനൻസ് ഫണ്ട് റോഡ്) |
| 60 | 454/16 | വിവിധ കുടിവെള്ളപദ്ധതി കളുടെ സാധ്യതാപഠനം | 109000 (വികസന ഫണ്ട് പൊതുവിഭാഗം) |

| | | | |
|---|---|---|---|
| 61 | 456/16 | ജിഎച്ച്എസ്എസ് പാട്യം ടോയ് ലറ്റ്(ആൺകുട്ടി 1 പെൺകുട്ടി 1) | 130000(70000 സംസ്ഥാനാവിഷ്കൃതം + 60000 മെയിൻ്റനൻസ് റോഡിതരം) |
| 62 | 457/16 | ജിഎച്ച് എസ് എസ് ഇട്ടികുളം കുടിവെള്ളം | 800000 (മറ്റുള്ളവ) |
| 63 | 458/16 | നെല്ലിയാട്ട് കുടിവെള്ളപദ്ധതി | 781563 (വികസന ഫണ്ട് എസ് സിപി) |
| 64 | 459/16 | ടിജിഎംടി നെരുവമ്പ്രം കെട്ടിടം റൂം വൈദ്യുതീകരണം മറ്റു പ്രവർത്തനം | 200000 (മെയിൻ്റനൻസ് റോഡിതരം) |
| 65 | 460/16 | ആർ എ ഐ സി കണ്ണൂർ അറ്റകുറ്റപണി | 500000 (മെയിൻ്റനൻസ് റോഡിതരം) |
| 66 | 461/16 | കണ്ണൂർ ജില്ലാ ആശുപത്രി അറ്റകുറ്റപണി | 894590 (മെയിൻ്റനൻസ് റോഡിതരം) |
| 67 | 462/16 | ആശുപത്രികളുടെ അറ്റകുറ്റപണി അലോപ്പതി | 295000 (വികസനഫണ്ട് പൊതുവിഭാഗം) |
| 68 | 463/16 | പള്ളിക്കൊവ്വൽ മക്കാട് പലിയേരി കക്കാനം പൂത്തൂർ റോഡ് അറ്റകുറ്റപണി | 214881(മെയിൻ്റനൻസ് റോഡ്) |
| 69 | 464/16 | ഉണ്ടിയിൽ താഴെ തെക്കോട്ട് വയൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 500000 (മെയിൻ്റനൻസ് റോഡ്) |
| 70 | 465/16 | മാനന്തേരി കാവുംമൂല മോറവെളിച്ചം റോഡ് ടാറിംഗ് | 187657 (വികസന ഫണ്ട് പൊതുവിഭാഗം) |
| 71 | 466/16 | കാട്ടാമ്പള്ളി കണ്ണാടിപറമ്പ് മുണ്ടേരി റോഡ് (0/000 to 6/750) | 186924(മറ്റുള്ളവ) |
| 72 | 467/16 | ജിഎച്ച്എസ് ആയിത്തറ മമ്പറം വൈദ്യുതീകരണം | 10000 (മെയിൻ്റനൻസ് റോഡിതരം) |
| 73 | 468/16 | തള്ളോട്ട് പൈക്കാട്ട് പറമ്പ് കോട്ടയം | 415753 |

| | | | |
|---|---|---|---|
| | | പഞ്ചായത്ത് | (265753- വികസന ഫണ്ട് പൊതുവിഭാഗം+150000മറ്റുള്ളവ) |
| 74 | 472/16 | പഞ്ചാരക്കുളം കുടിവെള്ളപദ്ധതി (ഏഴോം) | 1742336(വികസന ഫണ്ട് പൊതുവിഭാഗം) |
| 75 | 476/16 | കണിച്ചാർ പഞ്ചായത്ത് എലമ്പാളി കുടിവെള്ള പദ്ധതി(കണിച്ചാർ) | 294259<br>(വികസന ഫണ്ട് (ടിഎസ് പി) |
| 76 | 483/16 | പാത്തിക്കൽ കുന്നോത്ത് പറമ്പ് കുടിവെള്ളം | 2124481(1851081- വികസന ഫണ്ട് പൊതുവിഭാഗം +273400- മറ്റുള്ളവ) |
| 77 | 484/16 | കാട്ടാമ്പള്ളി ചിറ കുടിവെള്ളപദ്ധതി | 3229436(2835236-വികസന ഫണ്ട് പൊതുവിഭാഗം+ 394200മറ്റുള്ളവ) |
| 78 | 485/16 | കരിങ്കയം കാട്ടയാൽ കുടിവെള്ളപദ്ധതി | 282105(177105 -വികസന ഫണ്ട് പൊതുവിഭാഗം+ 105000മറ്റുള്ളവ) |
| 79 | 486/16 | വള്ളവൻകടവ് കുടിവെള്ളപദ്ധതി (കണ്ണപുരം) | 25287<br>(വികസന ഫണ്ട് പൊതുവിഭാഗം) |
| 80 | 488/16 | പാനൂർ വില്ലേജ് ഓഫീസ് ബസ് സ്റ്റാന്റ് ബൈപാസ് റോഡ്, chainage 0/400 to 0/620 km പാനൂര് ഗ്രാമപഞ്ചായത്ത് | 169440<br>(മെയിന്റനൻസ് ഫണ്ട് റോഡ്) |
| 81 | 489/16 | ഉളുപ്പാൻകവല വഞ്ചിയം റോഡ് 0/000 to 1/940km പയ്യാവൂർ ഗ്രാമപഞ്ചായത്ത് | 4411<br>(മെയിന്റനൻസ് ഫണ്ട് റോഡ്) |
| 82 | 490/16 | കതിരൂർ ഈസ്റ്റ് എൽ പി സ്കൂൾ പുല്യോട്ട് കാവ് റോഡ് chainage 0/000 to 0/505km കതിരൂർ ഗ്രാമപഞ്ചായത്ത് | 410000<br>(മെയിന്റനൻസ് ഫണ്ട് റോഡ്) |
| 83 | 492/16 | കോട്ടയിൽ കേടിയ്യാൽ വട്ടോളി റോഡ് | 17454 (മെയിന്റനൻസ് ഫണ്ട് റോഡ്) |
| 84 | 493/16 | കളപ്പറം പെരിയാട്ട് തോടിന് വിസിബി & വീതണ്ടി കുളം റിപ്പയർ | 700000(630000-വികസന ഫണ്ട് പൊതുവിഭാഗം+ 70000മറ്റുള്ളവ) |

| | | | |
|---|---|---|---|
| 85 | 499/16 | മുതുകട, ചെപ്പന്നൂർ, മുക്കുന്നു, ചെങ്ങറ പട്ടികജാതി കോളനി റോഡിന് തളിപറമ്പ് ബ്ലോക്കിന് ധനസഹായം | 250000 (വികസന ഫണ്ട് എസ് സിപി) |
| 86 | 500/16 | മാളികപറമ്പ് കുടിവെള്ളപദ്ധതി | 26919 (വികസന ഫണ്ട് എസ് സി പി) |
| 87 | 502/16 | പൊയ്യര് പെരുമാച്ചേരി റോഡ് അറ്റകുറ്റപണി | 1500000 (മെയിന്റനൻസ് ഫണ്ട്റോഡ്) |
| 88 | 503/16 | കിഴക്കുവയൽ കുടിവെള്ള പദ്ധതിയിലെ പൈപ്പ് ലൈൻ നീട്ടൽ (കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത്) | 200000 (വികസനഫണ്ട് എസ് സി പി) |
| 89 | 505/16 | കോളിംഗ് മൂല കോളനിയിൽ കുടിവെള്ള സൗകര്യം | 25000 (വികസന ഫണ്ട് എസ് സി പി) |
| 90 | 506/16 | വാരം ചുടല കോളനി പൈപ്പ് ലൈൻ നീട്ടൽ | 200000 (വികസന ഫണ്ട് എസ് സി പി) |
| 91 | 508/16 | പൊയ്യര് പെരുമാച്ചേരി റോഡ് | 31769 (മെയിന്റനൻസ്ഫണ്ട്റോഡ്) |
| 92 | 509/16 | ആർ.എ. ഐ.സി.എസ് എൽ.ബി.പി ഓഫീസുകളുടെ അറ്റകുറ്റ പണി | 499385 (വികസന ഫണ്ട്പൊതുവിഭാഗം) |
| 93 | 510/16 | കണ്ണൂർ സ്പെഷ്യൽ സബ് ജയിലിൽ കിണർ നിർമ്മാണം | 25000 (വികസന ഫണ്ട്പൊതുവിഭാഗം) |
| 94 | 511/16 | ജില്ലാ വെറ്ററിനറി കേന്ദ്രം കോമ്പൗണ്ടിലെ കെട്ടിടങ്ങളുടെ അറ്റകുറ്റ പണി | 1000000 (മെയിന്റനൻസ് ഫണ്ട്റോഡിതരം) |
| 95 | 518/16 | മുണ്ടച്ചാൽ തോട് അഴീക്കോട് ഗ്രാമ പഞ്ചായത്ത് | 1000000 (വികസന ഫണ്ട്പൊതുവിഭാഗം) |

| | | | |
|---|---|---|---|
| 96 | 519/16 | ചാത്തോത്ത്കുളം നവീകരണം ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് | 900000<br>(വികസന ഫണ്ട്പൊതുവിഭാഗം) |
| 97 | 520/16 | എടച്ചേരികുളം റിപ്പയർ കടന്നപ്പള്ളി ഗ്രാമ പഞ്ചായത്ത് | 1000000<br>(വികസന ഫണ്ട്പൊതുവിഭാഗം) |
| 98 | 521/16 | കുറ്റ്യേരി പഞ്ചായത്ത്കുളം പരിയാരം ഗ്രാമ പഞ്ചായത്ത് | 1000000<br>(വികസന ഫണ്ട്പൊതുവിഭാഗം) |
| 109 | 526/16 | ചിറക്കരപ്പള്ളി ബാവോട് വളപ്പ് റോഡ് പുഴാതി ഗ്രാമ പഞ്ചായത്ത് | 1000000<br>(വികസന ഫണ്ട്പൊതുവിഭാഗം) |
| 100 | 529/16 | കെയുസി സൈഡ് കല്ല്യാശ്ശേരി റോഡ്, കല്ല്യാശ്ശേരി chainage 0/000 to 0/535 | 1000000<br>(മെയിന്റനൻസ് റോഡ്) |
| 101 | 532/16 | കക്കറ ടൗൺ എഫ് ഡബ്ല്യ സി പെരുമ്പൊയിൽ റോഡ് എരമം കുറ്റൂർ chainage 0/000 to 1/300 | 1000000<br>(മെയിന്റനൻസ് റോഡ്) |
| 102 | 550/16 | എളയാവൂർ പഞ്ചായത്ത് എടചൊവ്വ വയൽ, എളയാവൂർ നോർത്ത് വയൽതോട് ഭിത്തികെട്ടി സംരക്ഷിക്കൽ | 2000000<br>(വികസനഫണ്ട്പൊതുവിഭാഗം) |
| 103 | 821/16 | ഏറ്റുപാറ ആനയടി മാവുംതോട് റോഡ് 0/250 to 0/630km പയ്യാവൂർഗ്രാമപഞ്ചായത്ത് | 69412<br>(വികസനഫണ്ട്പൊതുവിഭാഗം) |
| 104 | 823/16 | ജില്ലാ ഹോമിയോ ആശുപത്രി ചുറ്റുമതിൽ | 387046<br>(മെയിന്റനൻസ്റോഡിതരം) |
| 105 | 825/16 | വേങ്ങാട് ഗ്രാമപഞ്ചായത്ത്<br>ചേരികമ്പനി വെള്ളപന്തൽ റോഡ് അറ്റകുറ്റപണി | 80207<br>(വികസനഫണ്ട്പൊതുവിഭാഗം) |
| 106 | 826/16 | കോട്ടകുന്ന് ഏറ്റുപാറ ചന്ദനക്കാംപാറ പുനരുദ്ധാരണം | 64676(മെയിന്റനൻസ് റോഡ്) |
| 107 | 827/16 | ഇടമന ചളിപറമ്പ് വലിയപറമ്പ് നെല്ലിക്കുറ്റി ഏട്ടപര റോഡ് വീതികൂട്ടി അറ്റകുറ്റപണി | 129210(മെയിന്റനൻസ് റോഡ്) |

| | | | |
|---|---|---|---|
| | | | |
| 108 | 829/16 | മുഴപ്പാല ചോരയാംകുണ്ട് റോഡ് പുനരുദ്ധാരണം | 139307<br>(വികസനഫണ്ട്പൊതുവിഭാഗം) |
| 109 | 830/16 | ബാവോട് ചിറക്കരപ്പള്ളി റോഡ് സൈഡ് പ്രൊട്ടക്ഷൻ നിർമ്മാണം | 43401<br>(വികസനഫണ്ട്പൊതുവിഭാഗം) |
| 110 | 831/16 | കനകക്കുന്ന് പാത്താംപാറ റോഡിന്റെ പുനരുദ്ധാരണം | 1838498(മെയിന്റനൻസ് റോഡ്) |
| 111 | 832/16 | ചെറുപറമ്പ് പാത്തിക്കൽ റോഡ് 0/000 to 4/718 | 198967(മെയിന്റനൻസ് റോഡ്) |
| 112 | 834/16 | പള്ളിപ്രം കോളനി ഡ്രൈനേജ് നിർമ്മാണവും പുനരുദ്ധാരണവും | 235143<br>(വികസനഫണ്ട് എസ് സി പി) |
| 113 | 835/16 | കനകക്കുന്ന് പാത്താംപാറ റോഡ് അറ്റകുറ്റപണി 0/000 to 4/600 | 26761(മെയിന്റനൻസ് റോഡ്) |
| 114 | 838/16 | ചെളിപറമ്പ് നെല്ലിക്കുറ്റി റോഡ് 0/000 to 0/810 km | 177460(മെയിന്റനൻസ് റോഡ്) |
| 7. ഫാം സൂപ്രണ്ട്, ജില്ലാകൃഷിതോട്ടം | | | |
| 115 | 140/16 | കണ്ണൂർ ജില്ലാകൃഷി ഫാമിലെ വാർഷിക ഉത്പാദന ചെലവുകൾ | 273687(തനത് ഫണ്ട്) |
| 116 | 141/16 | ഫ്രൂട്ട് പ്രൊസസിംഗ് യൂണിറ്റ് | 2000000(തനത് ഫണ്ട്) |
| 8. കൃഷി ഓഫീസർ/സീനിയർ കൃഷി ഓഫീസർ/<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ സംസ്ഥാന വിത്തുല്പാദനകേന്ദ്രം | | | |
| 117 | 871/16 | കാങ്കോൽ സീഡ് ഫാമിന്റെ ദൈന്യം ദിന പ്രവർത്തനങ്ങൾ | 694840(തനത്ഫണ്ട്) |
| 118 | 873/16 | വേങ്ങാട് സ്റ്റേറ്റ് സീഡ് ഫാമിലെ ദൈനംദിന ചെലവുകൾ | 619622 (തനത് ഫണ്ട്) |

## **3-3** <u>അഡ്വാൻസ് നൽകിയ തുകകൾ ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.</u>

2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക ബി-18 പട്ടികപ്രകാരം 31-03-2016 തീയ്യതിയിൽ വിവിധ അഡ്വാൻസ് ഇനത്തിൽ നൽകിയ ₹7,36,28,622ക്രമീകരിക്കാൻ ബാക്കിയുണ്ട്. അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2003-04 മുതലുള്ള അഡ്വാൻസ് നൽകിയ തുക ക്രമീകരിക്കാൻ ബാക്കിയുണ്ട്. ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | അഡ്വാൻസ് നൽകിയ തുക ₹ | 2015-16ൽ ക്രമീകരിച്ചത് ₹ | ക്രമീകരിക്കാൻ ബാക്കിയുള്ളത് ₹ |
|---|---|---|---|---|
| 1 | 2003-04 | 2,93,648 | - | 2,93,648 |
| 2 | 2004-05 | 99,500 | - | 99,500 |
| 3 | 2005-06 | 32,448 | - | 32,448 |
| 4 | 2007-08 | 24,79,268 | - | 24,79,268 |
| 5 | 2008-09 | 42,89,336 | - | 42,89,336 |
| 6 | 2010-11 | 37,48,917 | 1,58,507 | 35,90,410 |
| 7 | 2011-12 | 10,43,600 | - | 10,43,600 |
| 8 | 2012-13 | 1,17,95,800 | 93,03,850 | 24,91,950 |
| 9 | 2013-14 | 2,93,55,277 | 2,03,55,384 | 89,99,893 |
| 10 | 2014-15 | 3,75,42,353 | 2,74,83,233 | 1,00,59,120 |
| 11 | 2015-16 | 4,83,33,227 | 80,84,778 | 4,02,48,449 |
| ആകെ | | 13,90,13,374 | 6,53,85,752 | 7,36,27,622 |

2003-04 വർഷം മുതൽ 2010-11 വരെ അഡ്വാൻസ് തുക കൈപ്പറ്റി നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാത്തവരുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | അഡ്വാൻസ് കൈപ്പറ്റിയവരുടെ പേര് | ഉദ്ദേശ്യം | നൽകിയ തുക ₹ | അഡ്വാൻസ് നൽകിയ വർഷം |
|---|---|---|---|---|
| 1 | മാത്യൂ വടക്കേയിൽ | തൊട്ടിൽപാലം ഭിത്തി സംരക്ഷണം | 62,398 | 2003-04 |
| 2 | ജോജോ ടി | ചെറ്റടി കോളനി വാട്ടർ ഷെഡ് | 2,00,000 | 2003-04 |
| 3 | പി ബാബു | കുറിച്ചിയ കോളനി വാട്ടർ ഷെഡ് | 31,250 | 2003-04 |
| 4 | എം മുഹമ്മദ് കുഞ്ഞി | പെരുവണ്ണ കോളനി വാട്ടർ ഷെഡ് | 99,500 | 2004-05 (164/2004) |
| 5 | ലാലു കുന്നപ്പള്ളി | എസ് ജി ആർ വൈ | 32,448 | 2005-06 (685/2005) |
| 6 | അനെർട്ട് | ടോട്ടൽ എനെർജി സേവിങ്ങ് പ്രൊഗ്രാം | 24,79,268 | 2006-07 |
| 7 | പി.ഡബ്ല്യ.ഡി ഇലക്ട്രിഫിക്കേഷൻ സെക്ഷൻ | വിവരം ലഭ്യമല്ല | 40,000 | 2008-09 |
| 8 | അനെർട്ട് | വിവരം ലഭ്യമല്ല | 42,49,336 | 2008-09 |
| 9 | കെ എസ് ഇ ബി -ഇരിട്ടി | വിവരം ലഭ്യമല്ല | 22,21,200 | 2010-11 |
| 10 | എസ് ഇ യു എഫ് | വാട്ടർ ഷെഡ് സ്കീം | 3,17,210 | 2010-11 |
| 11 | കെ എസ് ഇ ബി ഇരിട്ടി | വിവരം ലഭ്യമല്ല | 7,74,000 | 2010-11 |
| 12 | എസ് ഇ യു എഫ് | ചാലപ്പുറം വാട്ടർ ഷെഡ് സ്കീം | 2,78,000 | 2010-11 |

ഇപ്രകാരം അഡ്വാൻസ് നൽകി പണി പൂർത്തീകരിക്കാതിരിക്കാൻ കാരണമന്വേഷിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല.

## 3-4 കുടുംബശ്രീ ട്രെയിനിംഗ് സെന്റർ - പദ്ധതി ലക്ഷ്യപ്രാപ്തി

<u>കൈവരിച്ചില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : ജില്ല മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ

പ്രോജക്റ്റ് നമ്പർ : 251/2016,

പ്രോജക്റ്റിന്റെ പേര് : കുടുംബശ്രീ ട്രെയിനിംഗ് സെന്റർ ,കുറമാത്തൂർ

ഫണ്ട് : വികസനഫണ്ട്

ഓഡിറ്റ് വർഷം ചെലവഴിച്ച തുക : ₹ 1874000 ബിൽ നമ്പർ/തീയ്യതി : 1/15-16/20-02-2016

: ₹ 1874000 ബിൽ നമ്പർ/തീയ്യതി : 2/15-16 /31-03-2016

ആകെ : ₹ 37,48,000

കണ്ണൂർ ജില്ലയിലെ എല്ലാ കുടുംബശ്രീ യൂണിറ്റുകളിലെയും വനിതകൾക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകുന്നതിനായി ഒരു സ്ഥിരം പരിശീലന കേന്ദ്രം സ്ഥാപിക്കുക എന്ന ലക്ഷ്യത്തിൽ 2012-13 ൽ ₹93,70,000 അടങ്കലിൽ ആരംഭിച്ചതാണ് മേൽ പദ്ധതി. 50 പേരെ താമസിപ്പിച്ച് പരിശീലനം നടത്താൻ സാധിക്കുന്ന തരത്തിൽ കെട്ടിട സമുച്ചയം നിർമ്മിക്കുകയാണ് പ്രാഥമിക ഉദ്ദേശ്യം.

ഇതിന്റെ ഭാഗമായി 20-03-2013 ന് നിർമ്മിതി കേന്ദ്രം കണ്ണൂരുമായി കരാർ ഒപ്പിട്ടു. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരം തുകകൾ നിർമ്മിതി കേന്ദ്രയ്ക്ക് നൽകി.

| വർഷം | തുക |
|---|---|
| 2012-13 | 1874000 |
| 2013-14 | ഇല്ല |
| 2014-15 | 1874000 |
| 2015-16 | 1874000 |
| 2015-16 | 1874000 |
| ആകെ | 74,96,000 |

ഇപ്രകാരം ആകെ കരാർ തുകയുടെ 80% (₹74,96,000) നിർമ്മിതി കേന്ദ്രയ്ക്ക് നൽകി. ഇതു കൂടാതെ ശിലാസ്ഥാപന ചെലവ് ഇനത്തിൽ 2013-14 ൽ ₹50000 ചെലവഴിച്ചിട്ടുണ്ട്. പദ്ധതി

ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഇതുവരെയും ജില്ല പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല.

കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 0.7490 ഹെക്ടർ സ്ഥലം ജില്ലാ പഞ്ചായത്തിന് വിട്ടു നൽകുന്നതിന് 23-1-2013 ലെ 13/13(1) നമ്പർ പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനം എടുക്കുകയും, തുടർന്ന് 13-3-13 ലെ 41/13 നമ്പർ പ്രകാരം കെട്ടിടനിർമ്മാണം പൂർത്തിയായശേഷം കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന് വിട്ടു നൽകണമെന്ന ഉപാധിയോടെ കെട്ടിടം പണിയുന്നതിനാവശ്യമായ ഒക്യുപെൻസി മാത്രം നൽകുന്നതിനും തീരുമാനമായിട്ടുണ്ട്. പ്രസ്തുത സ്ഥലം ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടുന്നതിനായി 10-2-13 ലെ എ3/2773/12 നമ്പർ കത്ത് മുഖേന സർക്കാരിലേക്ക് അപേക്ഷിച്ചിട്ടുണ്ടെങ്കിലും അനുകൂലമായ തീരുമാനങ്ങൾ ഉണ്ടായിട്ടില്ല.

നിർമ്മിതി കേന്ദ്രവുമായുള്ള കരാർ പ്രകാരം 24-03-2015 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. പ്രസ്തുത തീയ്യതി കഴിഞ്ഞ് ഒരു വർഷത്തിലധികമായിട്ടും കെട്ടിടം പണി പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. പ്രവൃത്തിയുടെ എം ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതിലേക്കും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതിലേക്കും ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 ന്യൂ മാഹി പാർക്ക് പ്രവർത്തനസജ്ജമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ന്യൂ മാഹി ഗ്രാമ പഞ്ചായത്തിൽ ചൊക്ലി വില്ലേജിൽ പെരിങ്ങാടി ദേശത്ത് റി സർവേ നമ്പർ 24/9,10.13,11,12 ഉൾപ്പെട്ട 1.128 ഹെക്ടർ സ്ഥലത്ത് വൃദ്ധർക്കും കുട്ടികൾക്കും വേണ്ടിയുള്ള പാർക്ക് നിർമ്മിക്കുന്നതിനായി വിവിധ ഘട്ടങ്ങളിലായി 106.82 ലക്ഷം രൂപ സ്ഥലം അക്വയർ ചെയ്യുന്നതിനായി മാത്രം ചെലവാക്കിയിട്ടുണ്ട്. 2011-12 വർഷം കണ്ണൂർ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത സ്ഥലത്ത് ചുറ്റുമതിൽ നിർമ്മാണം ആരംഭിച്ചിരുന്നെങ്കിലും നിർമ്മാണ സ്ഥലത്തുള്ള വീട് താമസക്കാർ ഒഴിയാത്ത സാഹചര്യത്തിൽ പണി നിർത്തി വെക്കുകയാണ് ഉണ്ടായത്. 2015-16 വർഷവും ചുറ്റുമതിൽ നിർമ്മാണത്തിനായി 23,00,000 രൂപ വകയിരുത്തുകയും ₹5,70,000 മൊബിലൈസേഷൻ അഡ്വാൻസായി സബ് കലക്ടർ (തലശ്ശേരി) & മെമ്പർ സെക്രട്ടറി, ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി അക്വയർ ചെയ്ത സ്ഥലം ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ടെങ്കിലും ന്യൂ മാഹി പാർക്ക് എന്ന പദ്ധതി ഇതേവരെ പ്രാവർത്തികമാക്കിയിട്ടില്ല. പാർക്ക് നിർമ്മാണത്തിനായി അക്വയർ ചെയ്ത സ്ഥലത്ത് നിന്നും കുടിയൊഴിപ്പിച്ച കുടുബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പാർക്കിന് ഏറ്റെടുത്ത 278 സെന്റ് സ്ഥലത്തിൽ നിന്ന് 5 കുടുബങ്ങൾക്ക് 3 സെന്റ് സ്ഥലം വീതം നല്കി ബാക്കിവരുന്ന 263 സെന്റ് സ്ഥലത്ത് പാർക്ക് എന്ന പ്രൊജക്ട് പൂർത്തിയാക്കാൻ ജില്ലാപഞ്ചായത്ത് 05-01-2014 ൽ തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ആയതിനുള്ള സർക്കാർ അനുമതി നേടിയെടുക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിനായി 1 കോടി രൂപയിലധികം ചെലവഴിച്ചതിന് ശേഷം പദ്ധതി പാതിവഴിയിൽ നിർത്തുന്നത് ശരിയായ നടപടിയല്ല. ആയതിനാൽ മേൽ പദ്ധതി

യാഥാർത്ഥ്യമാക്കുന്നതിനുള്ള സത്വര നടപടികൾ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 3-6 ചിറക്കൽ ഹാൻവീവ് പ്രൊസ്സസ്സിംഗ് ഹൗസ് - പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതാണ്.

കൈത്തറി മേഖലയിൽ ശാസ്ത്രീയവും സാങ്കേതികവുമായ പോസ്റ്റ് ലൂം മെഷിനറികൾ ഉപയോഗപ്പെടുത്തുന്നതിലൂടെ ആഭ്യന്തര വിദേശ മാർക്കറ്റുകളിൽ ഗുണമേന്മയുള്ള തുണിത്തരങ്ങൾ ലഭ്യമാക്കി മാർക്കറ്റ് നേടി കൈത്തറി വ്യവസായം പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2003-04 വർഷം ആരംഭിച്ച പദ്ധതി പ്രകാരം സ്ഥാപിതമായതാണ് ചിറക്കൽ ഹാൻവീവ് പ്രൊസ്സസ്സിംഗ് ഹൗസ്. സ്ഥാപനത്തിന്റെ പ്രവർത്തനത്തിലൂടെ ലഭ്യമാകുന്ന അഭ്യന്തര വിദേശ മാർക്കറ്റ് കണ്ണൂർ കൈത്തറിയുടെ ഇമേജ് വർദ്ധിപ്പിക്കുകയും കൈത്തറിമേഖലയിൽ ഉണർവ് ഉണ്ടാക്കുകയും അതുവഴി കൈത്തറി തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കി തൊഴിലാളികളുടേയും കുടുംബങ്ങളുടേയും ജീവിത നിലവാരം മെച്ചപ്പെടുത്താൻ സാധിക്കുകയും ചെയ്യും എന്നതായിരുന്നു പദ്ധതി കൊണ്ട് ലക്ഷ്യമിട്ടിരുന്നത്. കണ്ണൂർ ജില്ലാ പഞ്ചായത്ത് ₹48,00,000 ചെലവഴിച്ച് വാങ്ങിയ പോസ്റ്റ് ലൂം മെഷിനറികൾ സ്ഥാപിച്ച് [സീറോ-സീറോ മെഷീൻ (പ്രീ-ഷ്രിങ്കിംഗ് മെഷീൻ), കലണ്ടറിംഗ് മെഷീൻ] സ്ഥാപനം പ്രവർത്തനം ആരംഭിച്ചത് 2005 ലാണ്. ഇതുവരെയും സ്ഥാപനത്തിന്റെ സ്ഥാപിത ലക്ഷ്യം കൈവരിക്കാനായിട്ടില്ല എന്നത് പ്രധാന ശ്രദ്ധാ വിഷയമാണ്.

സീറോ-സീറോ മെഷീൻ, കലണ്ടറിംഗ് മെഷീൻ എന്നിവയ്ക്ക് ഒരു ദിവസം 10,000 മീറ്ററിൽ കൂടുതൽ തുണിത്തരങ്ങൾ പ്രോസസ്സ് ചെയ്യാൻ സാധിക്കും ചുരുങ്ങിയത് 5000 മീറ്റർ വീതമെങ്കിലും പ്രോസ്സസ്സ് ചെയ്താൽ മാത്രമേ മെഷീനുകൾ ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂ എന്ന് 05.10.2007 ൽ കണ്ണൂർ ജില്ലാ അസി. ജില്ലാ വ്യവസായ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അത്രയും ഓർഡറുകൾ ലഭിക്കാത്തതിനാൽ മെഷീനുകൾ എല്ലാ ദിവസവും പ്രവർത്തിപ്പിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നില്ല. നിലവിൽ സ്ഥാപനത്തിൽ 29 തൊഴിലാളികളും 6 ഓഫീസ് സ്റ്റാഫുകളും മാത്രമാണ് ഉള്ളത്. സ്ഥാപനത്തിന്റെ ഉത്പാദനം സംബന്ധിച്ച് ഹാൻവീവ് പ്രോസസ്സിംഗ് ഹൌസ് പ്രൊഡക്ഷൻ മാനേജർ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം സ്ഥാപനത്തിന് ലഭ്യമാകുന്ന ഓർഡറുകളിൽ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്ന പ്രകാരമുള്ള വർദ്ധനവ് ഉണ്ടായിട്ടില്ല എന്ന് വ്യക്തമാണ്. ആയതിനുള്ള കാരണം കണ്ടെത്തി കൈത്തറിമേഖലയെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| മാസം | ലഭിച്ച ഓർഡറുകൾ (മീറ്റർ) | |
|---|---|---|
| | സീറോ സീറോ മെഷീൻ | കലണ്ടറിംഗ് മെഷീൻ |
| ഏപ്രിൽ 2008 | 66336 | 16545 |
| മെയ് 2008 | 103908 | 2791 |

| | | |
|---|---|---|
| ജൂൺ 2008 | 81212 | 14320 |
| ജൂലൈ 2008 | 91987 | 10883 |
| ആഗസ്റ്റ് 2008 | 106943 | 27931 |
| സെപ്റ്റംബർ 2008 | 75688 | 12314 |
| ഫെബ്രുവരി 2009 | 76998 | 10558.25 |
| മാർച്ച് 2009 | 87463 | 21700.25 |
| ഏപ്രിൽ 2009 | 75983 | 11768.25 |
| മെയ് 2009 | 81775 | 6484.75 |
| നവംബർ 2014 | 34554.25 | 1789 |
| ഡിസംബർ 2014 | 68104 | 3055 |
| ജനവരി 2015 | 38907.6 | 17221.5 |
| ഫെബ്രുവരി 2015 | 39,610.50 | 2663.50 |
| മാർച്ച് 2015 | 41,986.20 | 4464.75 |
| ഏപ്രിൽ 2015 | 22,724.50 | 2164.25 |
| ജൂൺ 2015 | 39,080 | 1519.75 |
| ജൂലൈ 2015 | 54,607 | 3839.50 |
| ആഗസ്റ്റ് 2015 | 10,881.10 | 10,643.75 |
| സെപ്റ്റംബർ 2015 | 31159.50 | 32723.25 |

പോസ്റ്റ് ലൂം സൌകര്യങ്ങൾ പ്രയോജനപ്പെടുത്തിയിട്ടും കൈത്തറിമേഖലയിലെ

ഉല്പാദനത്തിൽ കുറവുവരുന്നതിന്റെ കാരണം കണ്ടെത്തി ഈ മേഖലയിലേക്ക് കൂടുതൽ തൊഴിൽ സംരംഭകരെ ഉൾപ്പെടുത്തി കണ്ണൂരിന്റെ പൈതൃകമായ കൈത്തറിമേഖലയെ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

<u>വരവ് കണക്കുകളിലെ അവ്യക്തത</u>

ജില്ലാപഞ്ചായത്തിന്റെ 25.03.13 തിയ്യതിയിലെ 46/13(7 ) നമ്പർ തീരുമാനപ്രകാരം സീറോ-സീറോ മെഷീൻ ചാർജ്ജ് മീറ്ററിന് ₹3/-യും കലണ്ടറിംഗ് മെഷീൻ ചാർജ്ജ് മീറ്ററിന് ₹0.75 യുമായി നിശ്ചയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന് വേണ്ടി ജില്ലാ വ്യവസായ കേന്ദ്രം മാനേജറും മാനേജിംഗ് ഡയറക്ടർ ഹാൻവീവുമായി ഉണ്ടാക്കിയ കരാർ പ്രകാരം പ്രവർത്തന ചെലവും നികുതികളും കഴിഞ്ഞുള്ള ലാഭവിഹിതത്തിന്റെ 65% ജില്ലാപഞ്ചായത്തിനും 35% ഹാൻവീവിനും അർഹതപ്പെട്ടതാണ്. അർഹതപ്പെട്ട വരുമാനം പൂർണ്ണമായും ജില്ലാ പഞ്ചായത്തിന് ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പ് വരുത്താൻ ആവശ്യമായ രേഖകൾ (പ്രൊഡക്ഷൻ ബുക്ക്, ഇൻവോയിസ്, പാസ്സ് ബുക്ക് , വരവ് തുക ചിറക്കൽ ഹാൻവീവ് പ്രൊസ്സസ്സിംഗ് ഹൗസ് ജില്ലാപഞ്ചായത്തിന് കൈമാറിയതിന്റെ രേഖകൾ) ഹാജരാക്കാത്തതിനാൽ തൻ വർഷം ഈയിനത്തിൽ ലഭ്യമായ മൊത്തം വരവ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഹാൻവീവ് പ്രൊസ്സസ്സിംഗ് ഹൗസ് മുഖേന പഞ്ചായത്തിനു ലഭിക്കേണ്ടതും ലഭിച്ചതുമായ തുകയുടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്.

## 3-7 <u>മയ്യിൽ വനിതാ വ്യവസായ എസ്റ്റേറ്റ് ആസ്തികൾ പ്രയോജനപ്പെടുത്തി വരുമാനം സൃഷ്ടിക്കുന്നില്ല - പൊതുധനം പാഴാകുന്നു.</u>

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മയ്യിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ചട്ടുകപാറ എന്ന സ്ഥലത്ത് ജില്ലാപഞ്ചായത്ത് അര കോടിയിൽ പരം രൂപ ചെലവഴിച്ച് വനിത വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ചിരുന്നു. 2007-08 ൽ നിർമ്മാണം പൂർത്തിയാക്കിയ വ്യവസായ എസ്റ്റേറ്റിൽ 2007-08 വർഷം തന്നെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ചെങ്കിലും ആരും തന്നെ സംരംഭങ്ങൾ ആരംഭിക്കുകയുണ്ടായില്ല. വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ചത് വിവിധ വർഷങ്ങളിൽ പ്ലാൻ ഫണ്ട് ചെലവഴിച്ചുകൊണ്ടാണ്, മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളായി വർക്ക് ഷെഡ്, വൈദ്യുതി, റോഡ്, കിണർ ചുറ്റമതിൽ എന്നിവ ഇവിടെ ഒരുക്കിയിരുന്നു. വനിതാ വ്യവസായ കേന്ദ്രത്തിന്റെ 3.08 ഏക്കർ വരുന്ന സ്ഥലവും അതിലെ 15വർക്ക് ഷെഡുകളും The Kerala State Information Technology Infrastructure Ltd എന്ന സ്ഥാപനത്തിന് റൂറൽ ഐ. ടി പാർക്ക് സ്ഥാപിക്കുന്നതിന് 90 വർഷത്തേക്ക് പാട്ട വ്യവസ്ഥയിൽ കൈമാറുകയുണ്ടായി. ലീസ് എഗ്രിമെന്റ് അനുസരിച്ച് 3.08 ഏക്കർ സ്ഥലവും അതിലെ 15 വർക്ക് ഷെഡുകളുമാണ് കൈമാറിയിരുന്നത്. ലീസ് എഗ്രിമെന്റ് പ്രകാരം സ്ഥലം ഏറ്റെടുത്ത് 2 വർഷത്തിനകം സ്ഥാപനം തുടങ്ങിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാർ വ്യവസ്ഥ പ്രകാരം KSITL എന്ന സ്ഥാപനത്തിന് കെട്ടിടത്തിന് ആവശ്യമായ പരിവർത്തനം നടത്തുന്നതിന് അനുവാദമുണ്ട്. ഇതിന്റെ ഭാഗമായി KSITL ഏറ്റെടുത്ത ഭൂമിയിലെ കെട്ടിടങ്ങളുടെ മേൽക്കൂര എടുത്തുമാറ്റുകയുണ്ടായി. എന്നാൽ KSITL കത്ത് നം KSITL /മയ്യിൽ 2014 /588 തീയതി 12-3-2014 പ്രകാരം ടെക്നോ ലോഡ്ജ് സ്ഥാപിക്കാനുള്ള

പ്രവർത്തനംനിർത്തിവയ്ക്കുന്നതായി അറിയിക്കുകയുണ്ടായി. പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്ത് നം 4321/എ2/13 ഐ. റ്റി ഡിപ്പാർട്ട്മെന്റ് തീയതി 15-01-2014 പ്രകാരം ഏറ്റെടുത്ത ഭൂമി ജില്ലാ പഞ്ചായത്തിലേക്ക് തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ജില്ലാപഞ്ചായത്തിനോട് ആവശ്യപ്പെടുകയുണ്ടായി . ഇതിനെ തുടർന്ന് 30-10-2015തീയതിയിൽ ഭൂമി ജില്ലാപഞ്ചായത്തിന് തിരികെ നൽകുകയുണ്ടായി. ലീസ് ഉടമ്പടി പ്രകാരം ഭൂമി കൈപ്പറ്റി രണ്ടുവർഷത്തിനകം സ്ഥാപനം തുടങ്ങിയില്ലെങ്കിൽ ഭൂമി തിരിച്ചെടുക്കുവാൻ വ്യവസ്ഥയുണ്ടെങ്കിലും 4-10-2010 ന് ഏറ്റെടുത്ത ഭൂമി 30-10-2015 ന് മാത്രമാണ് തിരിച്ചെടുത്തത്. ലീസ് ക്യാൻസൽ ചെയ്ത് ഭൂമി തിരികെ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് അധികൃതർ ജില്ലാ ഗവൺമെന്റ് പ്ലീഡറിൽ നിന്നും നിയമോപദേശം വാങ്ങുകയുണ്ടായി ഈ നിയമോപദേശത്തിൽ '' Ensure whether any loss or damage were committed in the property or the valuable therein and if so the value of the damage is to be calculated and collected from the lessee എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2010 ൽKSITL ന് ടെക്നോ ലോഡ്ജ് ആരംഭിക്കുന്നതിനായി കൈമാറിയ സ്ഥലത്തിലുണ്ടായിരുന്ന 15 വർക്ക് ഷെഡുകളിൽ ഭൂരിഭാഗത്തിന്റെയും മേൽക്കൂര പൊളിച്ചുമാറ്റുകയുണ്ടായിട്ടുണ്ട്. സ്ഥലം തിരികെ ജില്ലാപഞ്ചായത്തിന് കൈമാറുന്നതിന്റെ ഭാഗമായി ജില്ലാപഞ്ചായത്ത് അധികൃതരും KSITL അധികൃതരും സംയുക്തമായി വ്യവസായ എസ്റ്റേറ്റ് സ്ഥലം 2-2-2015 തീയതിയിൽ പരിശോധിക്കുകയുണ്ടായി ഇതനുസരിച്ചുള്ള. സംയുക്തപരിശോധനാ റിപ്പോർട്ടിൽ KSITL കൈവശം വച്ചിരുന്ന കാലയളവിൽ നിലവിൽ ഏറ്റെടുക്കുമ്പോൾ ഉണ്ടായിരുന്ന കെട്ടിടത്തിന് വരുത്തിയ മാറ്റം KSITL ന്റെ ചെലവിൽ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിയമോപദേശത്തിൽ നിർദ്ദേശിച്ച പ്രകാരവും, സംയുക്തപരിശോധന റിപ്പോർട്ടിന്റെ തീരുമാനപ്രകാരവുമുള്ള നഷ്ടപരിഹാരം KSITL ൽ നിന്നും ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 31/24-4-2017 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ജില്ലാപഞ്ചായത്തിന് തനത് വരുമാനം ലഭ്യമാക്കുന്നതിനു സഹായകമായ സെന്ററായും. ചെറുകിട വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം ലഭിക്കുന്നതിനുള്ള സ്ഥാപനമായും മാറുക എന്ന വിശാല ലക്ഷ്യം മുൻനിർത്തി സ്ഥാപിച്ചതാണ് ചട്ടുകപ്പാറ വനിതാ വ്യവസായ എസ്റ്റേറ്റ്. ലഭ്യമായ കണക്കുകൾ പ്രകാരം ₹51,79,968 യാണ് വ്യവസായ എസ്റ്റേറ്റിന്റെ നിർമ്മാണചെലവ്. 2007-08 ൽ പൂർത്തിയാക്കിയ ഈ സ്ഥാപനത്തിൽ നിന്നും നാളിതുവരെ ഒരു വരുമാനവും ജില്ലാപഞ്ചായത്തിന് ലഭിച്ചിട്ടില്ല. നിലവിലുള്ള കെട്ടിടത്തിന് ഇനിയും അറ്റകുറ്റപണികൾ നടത്തുവാൻ വൻതുക ആവശ്യമാണ്. വ്യവസായ എസ്റ്റേറ്റും അനുബന്ധ കെട്ടിടങ്ങളും നാശോന്മുഖാവസ്ഥയിലാണ്. വികസന സ്റ്റാന്റിംഗ് കമ്മററിയുടെയോ, മോണിറ്ററിംഗ് കമ്മറ്റികളുടെയോ ഇടപെടലുകളും ഉണ്ടാവുന്നില്ല. ഈ വിഷയത്തിൽ ഉചിത നടപടികൾക്കായി ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

## **3-8** കാർഷിക പരമ്പരാഗത വ്യവസായ ഉത്പന്ന പ്രദർശന വിപണന മേള

കണ്ണൂർ ജില്ലാപഞ്ചായത്ത് വർഷംതോറും നടത്തി വരുന്ന ഒരു പദ്ധതിയാണ് കാർഷിക പരമ്പരാഗത വ്യവസായ ഉത്പന്ന പ്രദർശന വിപണന മേള. ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിർവ്വഹണ ഉദ്യോഗസ്ഥനായാണ് പദ്ധതി നടപ്പാക്കുന്നത്. കണ്ണൂർ ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾ, കാർഷിക യൂണിറ്റുകൾ, സഹകരണസംഘങ്ങൾ, വനിത-ചെറുകിട വ്യവസായങ്ങൾ മുതലായവ നിർമ്മിക്കുന്ന ഉത്പന്നങ്ങൾ വിഷു, ഓണം, ക്രിസ്തുമസ്-ന്യൂ ഇയർ എന്നിങ്ങനെയുള്ള ഉത്സവ കാലയളവിൽ വിറ്റഴിക്കുന്നതിനുള്ള വിപണി ഒരുക്കലാണ് മേളയുടെ ലക്ഷ്യങ്ങൾ.പത്രപരസ്യം നടത്തിയാണ് മേളയിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നത്.

2015-16 സാമ്പത്തിക വർഷത്തിൽ ജില്ലാപഞ്ചായത്ത് നടപ്പാക്കിയ കാർഷിക പരമ്പരാഗത വ്യവസായ ഉത്പന്ന പ്രദർശന വിപണന മേളയിൽ വിഷുവിന് 122 സ്ഥാപനങ്ങളും ഓണത്തിന് 131 സ്ഥാപനങ്ങളും ക്രിസ്തുമസിന് 84 സ്ഥാപനങ്ങളും പങ്കെടുക്കുകയുണ്ടായി. മേള നടത്തുന്നതിനുള്ള അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനായി 2015-16 ൽ ജില്ലാപഞ്ചായത്ത് ₹46,63,833 ചെലവഴിക്കുകയുണ്ടായി. (വികസനഫണ്ട് ₹39,13,833+തനത്ഫണ്ട് ₹7,50,000). തൻവർഷം വാടകയിനത്തിലും മറ്റുമായി ജില്ലാപഞ്ചായത്തിന് ലഭിച്ചത് ₹8,49,200 മാത്രമാണ്.

മേളയിൽ പങ്കെടുത്ത സ്ഥാപനങ്ങൾക്ക് ഉത്പന്നങ്ങൾ വിറ്റഴിച്ച വകയിൽ ₹3,65,00,000 വരുമാനം ലഭിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ജില്ലാ വ്യവസായ മാനേജർ അറിയിക്കുകയുണ്ടായി. മേളയിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ ഏതാണ്ട് പൂർണ്ണമായും വിറ്റഴിക്കുന്നത് ഈ മേളകളിലാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. എന്നാൽ മേളയുടെ യഥാർത്ഥ ഗുണഫലങ്ങളെ കുറിച്ച് കൃത്യമായ വിലയിരുത്തലോ മോണിട്ടറിംഗോ നടത്തിയതായി കാണുന്നില്ല. സ്ഥാപനങ്ങൾക്ക് അവരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വേദി നൽകുന്നതോടൊപ്പം തന്നെ പരമ്പരാഗത വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സ്ഥിരം വേദി സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാവേണ്ടതാണ്. ₹46,63,833 ചെലവഴിച്ച് നടത്തിയ മേളയിൽ നിന്നും ₹3,65,00,000 യുടെ വിറ്റുവരവ് സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ തുക പരമ്പരാഗത ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി ഏതെങ്കിലും തരത്തിൽ ചെലവഴിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കാനുള്ള ശ്രമങ്ങൾ ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്. മേളകളിലൂടെ ലഭിക്കുന്ന വിറ്റുവരവിന്റെ ഒരു നിശ്ചിത ശതമാനം ഉപയോഗപ്പെടുത്തി ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതിക്കുതകുന്ന പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. നാട്ടിൻപുറങ്ങളിൽ അന്യംനിന്നു പോകുന്ന വിവിധ തരം നാട്ടറിവുകൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മൺമറഞ്ഞു പോകുന്ന കുടിൽ വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കി അത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. ചെറുകിട സംരംഭകർക്ക് സ്ഥിരം കേന്ദ്രങ്ങൾ, പണിശാലകൾ എന്നിവ ഒരുക്കിക്കൊടുക്കാവുന്നതാണ്.

## 3-9 സയൻസ് പാർക്ക്

ഉത്തര മലബാറിലെ കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകൾ പ്രവർത്തന പരിധിയായി നിശ്ചയിച്ചുകൊണ്ട് ജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ ശാസ്ത്രബോധം വളർത്തുന്നതിനും, ശാസ്ത്രത്തിന്റെ വിവിധ മേഖലകൾ പരിചയപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കണ്ണൂർ ജില്ലാപഞ്ചായത്ത് 2002 ൽ ആരംഭിച്ച സംരംഭമാണ് കണ്ണൂർ സയൻസ് പാർക്ക്. കണ്ണൂർ ജില്ലാ പഞ്ചായത്ത് നാമനിർദ്ദേശം ചെയ്ത ഭരണസമിതിയാണ് പാർക്കിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. സയൻസ് പാർക്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റി ക്കൊണ്ട് മുന്നോട്ട് നയിക്കാനുള്ള അധികാരം ഭരണസമിതിയിൽ നിക്ഷിപ്തമാണ്. ഇവിടെ പുസ്തകശാല, രോഹിണി റോക്കറ്റിന്റെ മാതൃക, വെയ്സ്റ്റ ബാപ്പ ഗാലറി, ഇൻഡ്യ ഇൻ സ്പെയ്സ് സയൻസ് എന്ന ലൈറ്റ് ആന്റ് സൗണ്ട് ഷോ തുടങ്ങിയവയും, ആരോഗ്യ വിദ്യാഭ്യാസ പരിപാടി, ലോക പരിസ്ഥിതി ദിനാഘോഷങ്ങൾ, അവധിക്കാലശാസ്ത്ര പാഠശാല, ശാസ്ത്രദിനാഘോഷം, ശുചിത്വ മാസാഘോഷം, ഹെർബൽ പാർക്ക്, ബ്രഹ്മോസ് മിസ്സൈൽ മാതൃക, ലോക ബഹിരാകാശ വാരാഘോഷം, ഗണിത ശാസ്ത്രദിനാഘോഷം, വിക്രം സാരാഭായി ജന്മദിനാഘോഷം തുടങ്ങിയവയും 2013-14, 2014-15 കാലഘട്ടം വരെ നടത്തിവന്നിരുന്നു. അതിനുശേഷം വിരലിലെണ്ണാവുന്ന പരിപാടികൾ മാത്രമേ നടത്തിയിട്ടുള്ളൂ.

2015-16 വർഷത്തെ ഓഡിറ്റുമായി സ്ഥാപനത്തിന്റെ വരവു ചെലവുകൾ പരിശോധിച്ചതിൽ നിന്നും തൻവർഷം സയൻസ് പാർക്കിന്റെ ചെലവ് വരവിനെക്കാൾ കൂടുതലാണെന്ന് വ്യക്തമാകുന്നുണ്ട്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം സയൻസ് പാർക്കിന്റെ തൻവർഷത്തെ വരവ് ₹2,02,300യും ചെലവ് ₹6,47,549യുമാണ്. 2002 ൽ സയൻസ് പാർക്ക് ആരംഭിച്ചപ്പോഴുണ്ടായിരുന്ന മിക്ക പ്രദർശനവസ്തുക്കളും പൂർണ്ണമായും നശിക്കുകയോ, ഭാഗികമായി പ്രവർത്തനരഹിതമാവുകയോ ചെയ്തതായും, ആയതിനാൽ സന്ദർശകരുടെ എണ്ണം കുറഞ്ഞതിലൂടെ വരുമാനം കുറഞ്ഞതായും ബോധ്യപ്പെട്ടതിനാൽ 2015-16 വർഷം ജില്ലാ പഞ്ചായത്ത് പാർക്കിൽ അറ്റകുറ്റപ്പണി നടത്തിയിരുന്നു. അറ്റകുറ്റപ്പണിക്ക് ശേഷവും നിലവിലുള്ള ആകെ 77പ്രദർശന വസ്തുക്കളിൽ (71വർക്കിംഗ് മോഡൽ, 6 സ്റ്റിൽ മോഡൽ) 18 വർക്കിംഗ് മോഡലുകൾ പ്രവർത്തനരഹിതമാണ്. ജില്ലയിലെ ശാസ്ത്രവിദ്യാർത്ഥികളെയും ശാസ്ത്രകുതുകികളെയും അദ്ധ്യാപകരെയും മുന്നിൽക്കണ്ട് ആരംഭിച്ച സംരംഭമാണ് കണ്ണൂർ സയൻസ് പാർക്ക്. എന്നാൽ ആ ലക്ഷ്യം നേടാൻ പ്രസ്തുത സ്ഥാപനത്തിന്റെ നിലവിലുള്ള പ്രവർത്തനം പര്യാപ്തമാണോ എന്നും ജില്ലാപഞ്ചായത്ത് ഈ സ്ഥാപനത്തിന്റെ പുരോഗതിക്കായി ഓരോ വർഷവും വൻതുക മാറ്റി വെക്കുന്നുണ്ടെങ്കിലും ജില്ലയിലെ ശാസ്ത്രാവബോധമുള്ള സാധാരണക്കാരന് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടോ എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു.

കൂടുതൽ സന്ദർശകരെ ആകർഷിക്കത്തക്ക വിധം സ്ഥാപനത്തിലെ പ്രവർത്തനങ്ങൾ ഭരണ സമിതി ആലോചിച്ച് തീരുമാനിക്കേണ്ടതുണ്ട്. ശാസ്ത്ര ഉപകരണങ്ങളുടെ നിർമ്മാണ പരിശീലന ശില്പശാലകൾ സംഘടിപ്പിക്കുക എന്നത് കൂടുതൽ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ശാസ്ത്രകുതുകികളായ സാധാരണക്കാരെയും ഇവിടേക്ക് ആകർഷിക്കും. പാർക്ക് മെച്ചപ്പെടുത്തുന്നതിനാവശ്യമായ ചില നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

1. കേരളത്തിലും അയൽസംസ്ഥാനങ്ങളിലും മികച്ച രീതിയിൽ നടത്തിവരുന്ന പ്ലാനറ്റോറിയങ്ങളിലെ ഭാരവാഹികളുമായി ബന്ധപ്പെട്ട് അവിടത്തെ പ്രവർത്തനരീതികൾ പഠിക്കുകയും നൂതന സാങ്കേതിക വിദ്യകൾ പ്രയോഗത്തിൽ വരുത്തുകയും ചെയ്യുക.

2. ശാസ്ത്രത്തോട് ആഭിമുഖ്യമുള്ള കുട്ടികൾക്ക് പ്രത്യേക സിലബസ് തയ്യാറാക്കി പരിശീലനം നല്കുക.

3. അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം / ക്യാമ്പ് സംഘടിപ്പിക്കുക.

4. വാനനിരീക്ഷണ സൗകര്യവും ക്ലാസ്സും ഏർപ്പെടുത്തുക.

5. ജില്ലയിലെ എഞ്ചിനീയറിംഗ് കോളേജുമായി സഹകരിച്ച് വർക്ക് ഷോപ്പ് സംഘടിപ്പിക്കുക, അതിലെ നല്ല ഇനങ്ങൾ പ്രദർശനത്തിന് വെക്കുക.

6. ഒരു വർഷത്തെ പദ്ധതികൾ മുൻകൂട്ടി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുക.

7. ഓരോ വർഷവും നടപ്പിലാക്കിയ പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുക.

## 3-10 ആരൂഢം പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല

പ്രീപ്രൈമറി തലം തൊട്ടുള്ള കുട്ടികളിൽ സാമൂഹ്യ ചിന്ത, ചരിത്രാവബോധം, യുക്തിചിന്ത, മാനവീകത, പ്രകൃതിസ്നേഹം എന്നിവ വളർത്തിയെടുക്കുക, പഴയ തലമുറയുമായി നിരന്തരം സംവദിക്കാൻ അവസരമുണ്ടാക്കുക, കാർഷീക സംസ്കാരം, മാനുഷീക മൂല്യങ്ങൾ എന്നിവ പുതു തലമുറയ്ക്ക് പകർന്നു നൽകുക, കുട്ടികളുടെ അവകാശ പ്രഖ്യാപനങ്ങൾ പൂർണ്ണമായും സംരക്ഷിക്കുക എന്നതാണ് 2013-14 വർഷം ബഹുവർഷ പദ്ധതിയായി ആരംഭിച്ച ആരൂഢം പദ്ധതിയുടെ ലക്ഷ്യം. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 സെക്ഷൻ 173 (1) അനുസരിച്ചുള്ള അഞ്ചാം പട്ടിക ബി 12 പ്രകാരം വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ജില്ലാ പഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ആരൂഢം പദ്ധതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ലക്ഷ്യങ്ങൾ പൂർണ്ണമായും മേൽ പ്രസ്താവിച്ച പട്ടികയിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ല. എന്നാൽ തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് നം.58385/ഡിബി1/14/ തസ്വഭവ, തീയതി 5-1-2015 പ്രകാരം ആരൂഢം പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേക അനുമതി നൽകുകയുണ്ടായി.

2013-14 ലാണ് പദ്ധതിയുടെ ഒന്നാം ഘട്ടം ആരംഭിച്ചത്. ആരൂഢം പദ്ധതിയുടെ 1-ഉം 2-ഉം ഘട്ടങ്ങളിലായി ആരൂഢം പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം | ആകെ ₹ |
|---|---|---|---|
| 2013-14 | 23,80,000 | - | 23,80,000 |
| 2014-15 | 37,60,000 | - | 37,60,000 |
| 2015-16 | 41,34,624 | 40,30,000 | 8164624 |

| | | | |
|---|---|---|---|
| ആകെ | 10274624 | 40,30,000 | 14304624 |

ആര്‍ദ്രം പദ്ധതിക്കായി 2014-15 ല്‍ ₹5,00,000 യും 2015-16 ല്‍ ₹17,00,000 യും മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതമിനത്തില്‍ ലഭിച്ചിട്ടുണ്ട്. ഈ തുകകള്‍ നാളിതുവരെ വിനിയോഗിച്ചിട്ടില്ല. കുട്ടികളുടെ വിവിധങ്ങളായ പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് സര്‍ക്കാര്‍ പ്രത്യേക അംഗീകാരത്തോടെ ആരംഭിച്ച ആര്‍ദ്രം പദ്ധതി സമയബന്ധിതമായി പൂര്‍ത്തിയാക്കാനുള്ള നടപടികള്‍ സ്വീകരിക്കേണ്ടതാണ്.

## 3-11 ജില്ലാ ആശുപത്രി(അലോപ്പതി) - വൈദ്യുത കണക്ഷന്‍ ഹൈടെന്‍ഷന്‍ ആക്കി മാറ്റല്‍ - തുക നല്‍കിയെങ്കിലും നാളിതുവരെയായി പ്രവൃത്തി ആരംഭിച്ചിട്ടില്ല. 1 കോടി രൂപയുടെ ചെലവ് തടസ്സപ്പെട്ടുന്നു

ജില്ലാ ആശുപത്രിയില്‍ വൈദ്യുതി കണക്ഷന്‍ ഹൈ ടെന്‍ഷന്‍ ആക്കി മാറ്റുന്നതിന്റെ ഭാഗമായി 1 കോടി രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയര്‍ പിഡബ്ല്യുഡി ഇലക്ട്രിക്കല്‍ സെക്ഷന്‍ കോഴിക്കോടിന് നല്‍കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

നിര്‍വ്വഹണ ഉദ്യോഗസ്ഥന്‍ : സൂപ്രണ്ട്/ചീഫ് മെഡിക്കല്‍ ഓഫീസര്‍, ജില്ല ആശുപത്രി (അലോപ്പതി)

പ്രൊജക്ട് : ജില്ലാ ആശുപത്രി (അലോപ്പതി)-വൈദ്യുത കണക്ഷന്‍ ഹൈടെന്‍ഷന്‍ ആക്കി മാറ്റല്‍

പ്രൊജക്ട് നമ്പര്‍ : 575/16 (ഏക വര്‍ഷ പ്രൊജക്ട്)

അടങ്കല്‍ : ₹ 1,00,00,000 ( മെയിന്റനന്‍സ് ഫണ്ട് നോണ്‍ റോഡ്)

ചെലവ് : ₹ 1,00,00,000

ബില്‍ നമ്പര്‍ : 9/15-16/29-3-2016

ജില്ലാ ആശുപത്രി(അലോപ്പതി) വൈദ്യുത കണക്ഷന്‍ ഹൈടെന്‍ഷന്‍ ആക്കി മാറ്റല്‍ എന്ന മേല്‍ പ്രോജക്ട് നടപ്പിലാക്കുന്നതിന് 1 കോടി രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയര്‍ പിഡബ്ല്യുഡി ഇലക്ട്രിക്കല്‍ സെക്ഷന്‍ കോഴിക്കോടിന് ചെലാന്‍ നമ്പര്‍ 985/29-03-2016 പ്രകാരം നല്‍കിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂര്‍ത്തീകരിച്ചതിന്റെ വിവരം ഫയലില്‍ ലഭ്യമല്ല. പ്രവൃത്തിയുടെ പൂര്‍ത്തീകരണം സംബന്ധിച്ച വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എന്‍ക്വയറിക്ക് മറുപടിയായി വൈദ്യുതി കണക്ഷന്‍ ഹൈടെന്‍ഷന്‍ ആക്കി മാറ്റുന്നതിന് നല്‍കിയ എസ്റ്റിമേറ്റില്‍ മാസ്റ്റര്‍ പ്ലാന്‍ വരുന്നതുമായി ബന്ധപ്പെട്ട് ഭേദഗതി വരുത്തേണ്ട ആവശ്യം വന്നതിനാലാണ് പ്രസ്തുത പ്രവൃത്തി നാളിതുവരെയായി പൂര്‍ത്തീകരിക്കാത്തത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ മാസ്റ്റര്‍ പ്ലാന്‍ പ്രകാരമുള്ള ജോലികള്‍ ഉടന്‍ ആരംഭിക്കുമെന്നും

ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. മേൽ പ്രവൃത്തി ഇതുവരെയും പൂർത്തിയാക്കാത്തതിനാൽ 1 കോടി രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 വേങ്ങാട് കൃഷി ഫാമിലെ തൊഴിലാളികളുടെ ഇ.പി.എഫ് വിഹിതം ഒടുക്കിയതിൽ വീഴ്ച-1,46,544 രൂപയുടെഅധിക ചെലവ്

ജില്ലാപഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള വേങ്ങാട് സീഡ് ഫാമിലെ തൊഴിലാളികളുടെ 10/2012 മുതൽ 4/2014 വരെയുള്ള കാലയളവിലെ ഇ.പി.എഫ് വിഹിതമായ ₹16,212 യഥാസമയം ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പിഴയും, പലിശയും ഉൾപ്പെടെ ₹1,62,756 അസി. പി. എഫ് കമ്മീഷണറുടെ 12/11/2015 ലെ KR/KNR/3714/Ent 2 (1) Recovery കത്ത് പ്രകാരമുള്ള നിർദ്ദേശത്തെ തുടർന്ന് ഒടുക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ പ്രകാരം ആവശ്യപ്പെട്ട ഇ.പി.എഫ് തുകയിൽ പ്രിൻസിപ്പൽ തുകയായ ₹16,212 ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും , ബാക്കിവരുന്ന ₹1,46,544 വേങ്ങാട് ഫാം റവന്യൂവിൽ നിന്നും ഒടുക്കുന്നതിനും ജില്ലാ പഞ്ചായത്തിന്റെ 30-7-2015 തീയതിയിലെ ഭരണസമിതിയോഗത്തിന്റെ 99/2015 (1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിൽ ടി കാലയളവിൽ വേങ്ങാട് സീഡ് ഫാമിന്റെ ചുമതലയുണ്ടായിരുന്ന സീനിയർ കൃഷി ഓഫീസറുടെ ബാദ്ധ്യതയായി പ്രസ്തുത തുക തിട്ടപ്പെടുത്തി വിവരം സർക്കാറിലേക്ക് അറിയിക്കുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. മേൽ വിഷയം സംബന്ധിച്ച് ഒടുക്കിയ തുകയുടെ വിവരങ്ങളും, തുക കുടിശ്ശിക വരുത്തിയ വേങ്ങാട് കൃഷി ഫാം സീനിയർ കൃഷി ഓഫീസർക്കെതിരെ സ്വീകരിച്ച നടപടിവിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 15-4-2017 ലെ 25-)ാനമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ലാപഞ്ചായത്ത് ഭരണസമിതി മിനുട്സിലെ രേഖപ്പെടുത്തൽ പ്രകാരം തുക ഇതിനോടകം ഒടുക്കിയതായി പറയുന്നുണ്ട്. എന്നാൽ തുക ഒടുക്കിയതുസംബന്ധിച്ച വൗച്ചറുകൾ, മറ്റുരേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇ.പി.എഫ് വിഹിതമായി ഒടുക്കേണ്ടിയിരുന്ന ₹16,212 യാണ് യഥാസമയം ഒടുക്കാത്തതിനാൽ ₹1,62,756 യായി വർദ്ധിച്ചത്. ഈ നടപടിമൂലമുണ്ടായ അധിക ചെലവ് ബന്ധപ്പെട്ട കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്. പ്രസ്തുത കാലയളവിൽ തൊഴിലാളികളുടെ വേതനത്തിൽ നിന്ന് ഇ.പി.എഫ് വിഹിതം കുറവു ചെയ്തിട്ടില്ലെങ്കിൽ ആയത് തൊഴിലാളികളിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഫാമിൽ ഭരണകാര്യങ്ങൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ ജീവനക്കാർ ലഭ്യമാണ് എന്നിരിക്കെ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതായിരുന്നു.

## 3-13 സർക്കാർ അനുമതിയില്ലാതെ ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം

55 ലക്ഷം രൂപ അടങ്കലിൽ 2013-14 ൽ അംഗീകാരം ലഭിച്ച ബഹുവർഷ പദ്ധതിയാണ് ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് നിർമ്മാണം. പ്രോജക്ട് പ്രകാരമുള്ള ഓരോ

വർഷത്തെയും അടങ്കലും ചെലവും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | അടങ്കൽ (വികസന ഫണ്ട് ജനറൽ) | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | 2013-14 | 13,00,000 | 11,00,000 | ആകെ അടങ്കൽ ₹ 55 ലക്ഷം |
| 2 | 2014-15 | 42,00,000 | - | |
| 3 | 2015-16 | 34,10,000 | - | പ്രോജക്ട് ഭേദഗതി ചെയ്തു |
| 4 | 2016-17 | 2,00,000 | 2,00,000 | |

പ്രവൃത്തിയുടെ നിർവ്വഹണ ചുമതല നിർമ്മിതി കേന്ദ്രത്തിനെയാണ് ഏൽപിച്ചത്. നിർമ്മിതി കേന്ദ്രവുമായി പ്രവൃത്തി സംബന്ധിച്ച് ഏർപ്പെട്ട കരാർ വ്യവസ്ഥപ്രകാരം പ്രവൃത്തി 18 മാസത്തിനുള്ളിൽ പൂർത്തിയാക്കണം. പ്രാഥമിക കരാറിൽ ഏർപ്പെട്ടതിന് ശേഷം നിർമ്മിതി കേന്ദ്രയ്ക്ക് ₹11 ലക്ഷം 24-04-14 ന് മൊബിലൈസേഷൻ അഡ്വാൻസായി നൽകുകയുണ്ടായി. പ്രാഥമിക പ്രോജക്ട് പ്രകാരം രണ്ട് നിലകളിലായി 4 ക്വാർട്ടേഴ്സ് ഉള്ള കെട്ടിടം പണിയാനാണ് ലക്ഷ്യമിട്ടത്. ഇതനുസരിച്ച് പ്രോജക്ട് അടങ്കൽ തുകയായ 55 ലക്ഷം രൂപയുടെ 20% തുകയായ 11 ലക്ഷം രൂപ നിർമ്മിതി കേന്ദ്രയ്ക്ക് നൽകിയെങ്കിലും പ്രവൃത്തി നിർവ്വഹിക്കേണ്ടുന്ന സ്ഥലം വിട്ടു നൽകുന്നതിൽ കാലതാമസം ഉണ്ടായതിനാൽ യഥാസമയം നിർമ്മിതി കേന്ദ്രയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിച്ചില്ല. ക്വാർട്ടേഴ്സ് നിർമ്മിക്കുന്ന സ്ഥലത്തെ മരങ്ങൾ മുറിച്ചു മാറ്റാത്തതിനാലാണ് സ്ഥലം കൈമാറുന്നതിൽ താമസം നേരിട്ടതെന്നാണ് ഫയലിൽ നിന്നു ലഭ്യമാകുന്ന വിവരം. ജലദൗർലഭ്യവും പ്രവൃത്തി കാലതാമസത്തിന് കാരണമായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഏതൊരു മരാമത്ത് പ്രവൃത്തിയുടെയും പ്രോജക്ട് തയ്യാറാക്കുന്നതിനു മുൻപ് ബന്ധപ്പെട്ട എഞ്ചിനീയർ പ്രവൃത്തിനിർവ്വഹണം നടത്തേണ്ടുന്ന സ്ഥലം നേരിട്ട് പരിശോധിച്ച് ചെയ്യേണ്ടുന്ന പ്രവൃത്തി സംബന്ധിച്ചുള്ള ആവശ്യകതയും പര്യാപ്തതയും നിർണ്ണയിച്ചു വേണം എസ്റ്റിമേറ്റ് തയ്യാറാക്കാനും പ്രവൃത്തി ടെണ്ടർ ചെയ്തു കരാറുകാരന് രേഖാമൂലം സ്ഥലം ഏൽപിച്ചു കൊടുക്കാനും. എന്നാൽ ഈ പ്രവൃത്തിയുടെ കരാർ നൽകുന്ന സമയത്തും പ്രവൃത്തി നിർവ്വഹിക്കേണ്ടുന്ന സ്ഥലം പ്രവൃത്തിയുടെ നിർവ്വഹണത്തിന് അനുയോജ്യമായിട്ടില്ല. ആയതിനാൽ 18 മാസങ്ങൾക്ക് ശേഷം മാത്രമാണ് പ്രവൃത്തി ആരംഭിക്കാൻ നിർമ്മിതി കേന്ദ്രത്തിന് സാധിച്ചത്. സ്ഥലം കൈമാറി നൽകുന്നതിന് മുൻപ് നിർമ്മിതി കേന്ദ്രയ്ക്ക് മുൻകൂർ അനുവദിച്ചത് ശരിയായ നടപടിയല്ല. 2014-15 വർഷം ഫണ്ടിന്റെ അപര്യാപ്തത മൂലം തൽക്കാലം ഒരു ക്വാർട്ടേഴ്സ് മാത്രം നിർമ്മിക്കുന്നതിന് പ്രോജക്ട് ഭേദഗതി ചെയ്തു. ഇത് പ്രകാരം നിർമ്മിതി കേന്ദ്ര ₹31,75,000 യുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചു. ക്വാർട്ടേഴ്സ് നിർമ്മാണം ആരംഭിക്കുന്നത് 02-11-15 ൽ മാത്രമാണ്. ഓഡിറ്റ് വർഷം ഈയിനത്തിൽ ചെലവില്ല.

2016-17 ൽ പദ്ധതിയുടെ ആകെ അടങ്കൽ 2 ലക്ഷം രൂപയായിരുന്നു. 2016-17 ൽ തന്നെ

ക്വാർട്ടേഴ്സിന്റെ പണി പൂർത്തിയായിട്ടുണ്ടെന്നും 2017-18 ൽ ബാക്കി ചെലവ് തുകയായ ₹25,94,230 പദ്ധതിയിലുൾപ്പെടുത്തി നിർമ്മിതിക്ക് നൽകുന്നതാണെന്നും അറിയിക്കുകയുണ്ടായി. 55ലക്ഷം രൂപ അടങ്കലിൽ നാല് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായി 2013-14 ൽ ആരംഭിച്ച മേൽ പദ്ധതി 2016-17 ആയപ്പോൾ ₹38,94,230 ചെലവഴിച്ച് ഒരു ക്വാർട്ടേഴ്സ് മാത്രം നിർമ്മിക്കുകയാണ് ചെയ്തത്. പദ്ധതി ആസൂത്രണത്തിലെയും നടത്തിപ്പിലെയും വീഴ്ചകൾക്ക് മികച്ച ഉദാഹരണമാണ് ജില്ലാ വെറ്റിനറി കേന്ദ്രത്തിൽ ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് നിർമ്മാണം എന്ന പദ്ധതി.

ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് നിർമ്മാണം എന്ന പദ്ധതി പ്രകാരമുള്ള ക്വാർട്ടേഴ്സ് നിർമ്മാണം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് അഞ്ചാം പട്ടിക ബി (II) പ്രകാരമുള്ള ജില്ലാപഞ്ചായത്തിന്റെ ചുമതലകളിൽപ്പെടുന്നില്ല. പന്ത്രണ്ടാം പദ്ധതി മാർഗ്ഗ രേഖ പ്രകാരം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കേണ്ട പദ്ധതികളിലും മേൽ പ്രവൃത്തി ഉൾപ്പെടുന്നില്ല. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ജില്ലാ മൃഗസംരക്ഷണ കേന്ദ്രത്തിൽ ക്വാർട്ടേഴ്സ് നിർമ്മിച്ചിരിക്കുന്നത് സർക്കാർ അനുമതിയില്ലാതെയാണെന്നത് ഗുരുതരമായ അപാകമാണ്. മേൽ വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## **3-14** പട്ടികജാതി കോളനികളിലെ സാംസ്കാരിക നിലയങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങി നൽകിയത് ഉപയോഗിക്കാതെ കിടക്കുന്നു **-₹559258** യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പട്ടികജാതി സാംസ്കാരിക നിലയങ്ങളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകുക എന്ന പദ്ധതിയുടെ ഭാഗമായി ആവേരകോളനി, അംബേദ്കർ കോളനി ധർമ്മടം എന്നിവയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

1. ആവേരകോളനി കമ്മ്യൂണിറ്റി ഹാളിൽ ലൈബ്രറി,കമ്പ്യൂട്ടർ സെന്റർ

പ്രൊജക്ടിന്റെ പേര് : ആവേരകോളനി കമ്മ്യൂണിറ്റി ഹാളിൽ ലൈബ്രറി,കമ്പ്യൂട്ടർ സെന്റർ

പ്രൊജക്ട് നമ്പർ : 9/2016

അടങ്കൽ : ₹ 300000

ചെലവ് : ₹ 279629

| ക്രമ നമ്പർ | ബിൽ നമ്പർ തീയ്യതി | തുക |
|---|---|---|
| 1 | 5/2015-16 /31-03-2016 | 181142 |
| 2 | 7/2015-16/31-03-2016 | 22708 |
| 3 | 8/2015-16/31-03-2016 | 75779 |

| | | |
|---|---|---|
| | ആകെ | ₹ 279629 |

മേൽ ബിൽ പ്രകാരം പിൻവലിച്ച ₹2,79,629 ഉപയോഗിച്ചുകൊണ്ട് താഴെ കൊടുത്ത പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | തുക ₹ |
|---|---|---|---|
| 1 | എക്സിക്യൂട്ടീവ് ടേബിൾ | 2 | 75779 |
| 2 | Desktop acer veriton core | 4 | 181142 |
| 3 | Monitor Acer | 4 | |
| 4 | UPS | 4 | |
| 5 | സ്റ്റീൽ കേബിനറ്റ് (വിത്ത് ലോക്കർ) | 2 | 22708 |

2. അംബേദ്കർ കോളനി സാംസ്കാരിക നിലയം ലൈബ്രറിയും കമ്പ്യൂട്ടർ കേന്ദ്രവും

പ്രൊജക്ടിന്റെ പേര് : അംബേദ്കർ കോളനി സാംസ്കാരിക നിലയം ലൈബ്രറിയും കമ്പ്യൂട്ടർ കേന്ദ്രവും

പ്രൊജക്റ്റ് നമ്പർ : 8/2016

അടങ്കൽ : ₹ 300000

ചെലവ് : ₹ 279629

| ക്രമ നമ്പർ | ബിൽ നമ്പർ /തീയ്യതി | തുക |
|---|---|---|
| 1 | 4/2015-16 /31-03-2016 | 160000 |
| 2 | 6/2015-16/31-03-2016 | 21142 |
| 3 | 9/2015-16/31-03-2016 | 75779 |
| 4 | 7/2015-16/31-03-2016 | 22708 |
| | ആകെ | 279629 |

മേൽ ബിൽ പ്രകാരം പിൻവലിച്ച ₹2,79,629 ഉപയോഗിച്ച് താഴെ പറയും പ്രകാരമുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | എക്സിക്യൂട്ടീവ് ടേബിൾ | 2 | 75779 |
| 2 | Desktop acer veriton core | 4 | 181142 |
| 3 | Monitor Acer | 4 | |
| 4 | UPS | 4 | |
| 5 | സ്റ്റീൽ കേബിനറ്റ് (വിത്ത് ലോക്കർ) | 2 | 22708 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്ററോ കൈപ്പറ്റ് രശീതിയോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തതിന്റെ നിജസ്ഥിതി പരിശോധിക്കുന്നതിനായി 24-04-2017, 25-04-2017 എന്നീ തിയ്യതികളിൽ പ്രസ്തുത സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ രണ്ട് സ്ഥാപനങ്ങൾക്കും ലഭിച്ച മേൽ കൊടുത്ത ഇനങ്ങൾ നാളിതുവരെയായി ഉപയോഗിക്കാതെ ലഭിച്ച അതേ അവസ്ഥയിലാണ് ഉള്ളത് എന്ന് കാണുകയുണ്ടായി. സപ്ലൈ ചെയ്ത കമ്പ്യൂട്ടറിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. സാങ്കേതിക പരിജ്ഞാനമുള്ള അധികാരികൾ പരിശോധിച്ച് ഗുണമേന്മ സർട്ടിഫൈ ചെയ്തതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. പട്ടികജാതി കോളനികളിലെ സാംസ്കാരിക നിലയങ്ങൾക്ക് വാങ്ങി നൽകിയ കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഉപയോഗിക്കാതെ കിടക്കുന്നതിനാൽ ആവശ്യകത പരിശോധിക്കാതെയാണ് വാങ്ങൽ നടത്തിയത് എന്ന നിഗമനത്തിൽ ചെലവുതുകയായ ₹5,59,258 (2x279629) തടസ്സപ്പെടുത്തുന്നു.

## 3-15 കൊളപ്പ വികലാംഗ പരിശിലനകേന്ദ്രം വൈദ്യുതീകരണവും പെയിന്റിങ്ങും -നിർവ്വഹണത്തിലെ അപാകങ്ങൾ ₹2,04,479 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത്

പ്രോജക്റ്റ് നമ്പർ : 956/16

പ്രോജക്ടിന്റെ പേര് : കൊളപ്പ വികലാംഗ പരിശിലനകേന്ദ്രം വൈദ്യുതീകരണവും പെയിന്റിങ്ങും

വകയിരുത്തിയ തുക : ₹ 2,16,489 വികസന ഫണ്ട് - പൊതുവിഭാഗം

ചെലവ് തുക : ₹ 2,04,479 ബിൽ നമ്പർ : 1000/15-16/28-3-2016

അളവ് പുസ്തകം : KNR/1525/14(1)

കൊളപ്പ വികലാംഗ പരിശിലന കേന്ദ്രം വൈദ്യുതീകരണവും പെയിന്റിങ്ങും എന്ന മേൽ പ്രോജക്റ്റ് പ്രകാരം ₹85,489 യുടെ വൈദ്യുതീകരണ പ്രവൃത്തികളും ₹1,31,000 യുടെ റീപെയിന്റിംങ് പ്രവൃത്തികളും ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. നിർമ്മിതി കേന്ദ്രം മുഖേന

നടപ്പിലാക്കിയ ഈ പ്രോജക്ടിന് ₹ 2,04,479 ചെലവഴിച്ചുവെങ്കിലും വൈദ്യുതീകരണ പ്രവൃത്തികളൊന്നും ചെയ്തിട്ടില്ല. ₹2,13,000 യുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണ പ്രവൃത്തികളും പെയിന്റിംങ് പ്രവൃത്തികളുമാണ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിലെ Item No.2 പ്രകാരമുള്ള "Earth work excavation in hard soil for foundation within initial lead and lift including all labour charges etc. complete (For ramp foundation)" പ്രവൃത്തി ചെയ്യേണ്ടിയിരുന്നത് 0.90 $m^3$ ആണ്. എന്നാൽ KNR/1525/14(1)-)o നമ്പർ അളവുപുസ്തകത്തിലെ പേജ് നമ്പർ 4 പ്രകാരം Ramp foundation ന് പുറമെ Road side cutting കൂടി ചെയ്ത് Item No.2 പ്രകാരം ആകെ 38.25$m^3$ യുടെ പ്രവൃത്തി ചെയ്തതായി കാണിച്ചിട്ടുണ്ട്. വർക്ക് ബിൽ പ്രകാരം Road side cutting നെപ്പറ്റിപ്പറയാതെ 38.25m3 യുടെ പ്രവൃത്തി ചെയ്തതായികാണിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ളതിൽനിന്നും വ്യതിയാനം വരുത്തി പ്രവൃത്തി നടത്തുന്നതിനുള്ള അനുമതി ലഭ്യമായിട്ടില്ല. പ്രോജക്ട് പ്രകാരമുള്ള വൈദ്യുതീകരണ പ്രവൃത്തികൾ നടത്താതെ പ്രോജക്ടിൽ ഉൾപ്പെടാത്ത മരാമത്ത് പ്രവൃത്തികൾ ചെയ്തത് സംബന്ധിച്ച് കാരണവും വ്യക്തമല്ല. ആയതിനാൽ മേൽ പ്രോജക്ടിന് ചെലവഴിച്ച ₹2,04,479 തടസ്സപ്പെടുത്തുന്നു.

## 3-16 പട്ടികജാതി സങ്കേതങ്ങളിൽ സോളാർ വൈദ്യുതി - രേഖകൾ ഹാജരാക്കിയില്ല. ₹24,67,316യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത്

പ്രോജക്ട് നമ്പർ : 1015/16

പ്രോജക്ടിന്റെ പേര് : പട്ടികജാതി സങ്കേതങ്ങളിൽ സോളാർ വൈദ്യുതി

വകയിരുത്തിയ തുക : ₹ 58,75,000 വികസന ഫണ്ട് - എസ്.സി.പി

ചെലവു തുക : ₹ 55,22,089 ബിൽ നമ്പർ : 1007/15-16/29-3-2016

ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ : 272258/ 22-4-2016

കണ്ണൂർ ജില്ലാ പഞ്ചായത്തിലെ 47 പട്ടികജാതി സങ്കേതങ്ങളിൽ സോളാർ യൂണിറ്റ് സ്ഥാപിക്കൽ എന്ന മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ 3-3-2016 ന് കെൽട്രോണുമായി കരാറിലേർപ്പെടുകയും അതോടനുബന്ധിച്ച് 141 എണ്ണം Solar based 12 Watt LED Street Light വാങ്ങി സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുമായി ₹55,22,089 കെൽട്രോൺ, കരകുളം, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. ഒരു പട്ടികജാതി സങ്കേതത്തിന് മൂന്നെണ്ണം എന്ന തോതിൽ 47 പട്ടികജാതി സങ്കേതങ്ങളിൽ ആകെ 141 എണ്ണം സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ Solar based Street Light സ്ഥാപിക്കാൻ ഉദ്ദേശിച്ച 47 പട്ടികജാതി സങ്കേതങ്ങളിൽ താഴെപ്പറയുന്ന 21 പട്ടികജാതി സങ്കേതങ്ങളിൽ സ്ഥാപിച്ചതിന്റെ വിവരം, പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയതിനാൽ ₹24,67,316 (5522089/47x21) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പട്ടികജാതി സങ്കേതത്തിന്റെ പേര് | ഗ്രാമ പഞ്ചായത്ത് |
|---|---|---|
| 1 | കാള വയൽ കോളനി | പടിയൂർ |
| 2 | പ്രാപ്പൊയിൽ ഏഴം കോളനി | ചെറുപുഴ |
| 3 | വെള്ളം പാറക്കത്തോട് SC കോളനി | കീഴല്ലൂർ |
| 4 | കൈതച്ചാൽ ഇന്ദിര ആവാസ് കോളനി | മാങ്ങാട്ടിടം |
| 5 | കൈതേരി കപ്പച്ചാൽ കോളനി | മാങ്ങാട്ടിടം |
| 6 | പായം മലമുട്ട് ചേറുള്ളകരി കോളനി | പായം |
| 7 | കായപ്പൊയിൽ SC കോളനി | എരമം കുറ്റൂർ |
| 8 | പുറച്ചേരി SC കോളനി | ചെറുതാഴം |
| 9 | അയ്യൻകാളി കോളനി | കല്യാശ്ശേരി |
| 10 | വേളാപുരം കോളനി | പാപ്പിനിശ്ശേരി |
| 11 | പുതിയങ്ങാടി പുതിയ വളപ്പ് കോളനി | പട്ടുവം |
| 12 | കുണ്ടം കോളനി | പട്ടുവം |
| 13 | ഏഴം വയൽ ഹരിജൻ കോളനി | കടന്നപ്പള്ളി പാണപ്പുഴ |
| 14 | നിരന്തോട് കോളനി | മയ്യിൽ |
| 15 | അംബേദ്കർ കോളനി | കതിരൂർ |
| 16 | കുറവൻ SC കോളനി | മൊകേരി |
| 17 | പള്ളിക്കുന്ന് ഹരിജൻ കോളനി | അഴീക്കോട് |

| | | |
|---|---|---|
| 18 | റെയിൽവെ കട്ടിംഗ് കോളനി | ചിറക്കൽ |
| 19 | ഞൊണ്ടിക്കൽ ജംഗ്ഷൻ കുറവ കോളനി | കൊട്ടിയൂർ |
| 20 | തലപ്പണി കോളനി | ഉദയഗിരി |
| 21 | പള്ളിക്കവല ലക്ഷം വീട് കോളനി | നടുവിൽ |

## 3-17 പദ്ധതി രൂപീകരണം - ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന് അധികം നൽകിയ ₹1881യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത്

പ്രോജക്ട് നമ്പർ : 1/16

പ്രോജക്ടിന്റെ പേര് : പദ്ധതി രൂപീകരണം

വകയിരുത്തിയ തുക : ₹ 2,00,000 വികസന ഫണ്ട് പൊതുവിഭാഗം

പദ്ധതി രൂപീകരണം എന്ന മേൽ പ്രോജക്ടിന്റെ ചെലവ് വിവരം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | ബിൽ നമ്പർ/തീയ്യതി | ചെലവ് തുക ₹ | ചെലവിനം |
|---|---|---|---|
| 1 | 537/15-16 18-9-2015 | 14,260 | കരട് പദ്ധതി രേഖ പ്രിന്റിംഗ്, വികസന സെമിനാറിന് ബോൾ പോയിന്റ് പെൻ, നോട്ട് പാഡ് എന്നിവ വാങ്ങിയതിന് എടക്കാട് ബ്ലോക്ക് പ്രിന്റിംഗ് & പബ്ലിഷിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, ചക്കരക്കൽ എന്ന സ്ഥാപനത്തിന് നൽകിയത്. |
| 2 | 752/15-16 21-12-2015 | 28,450 | പദ്ധതി രേഖ പ്രിന്റിംഗ് (175 എണ്ണം) ചെയ്തതിന് എടക്കാട് ബ്ലോക്ക് പ്രിന്റിംഗ് & പബ്ലിഷിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, ചക്കരക്കൽ എന്ന സ്ഥാപനത്തിന് നൽകിയത്. |

| | | | |
|---|---|---|---|
| 3 | 1023/15-16<br>30-3-2016 | 34,912 | ജില്ലാ പഞ്ചായത്തിലേക്കാവശ്യമായ രജിസ്റ്ററുകൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവ വാങ്ങുന്നതിന് ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന് മുൻകൂറായി നൽകിയത്. |
| | ആകെ | 77,622 | |

ക്രമ നമ്പർ 3 പ്രകാരം ₹34,912 യാണ് ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന് മുൻകൂറായി നൽകിയത്. എന്നാൽ ₹33,031 യുള്ള രജിസ്റ്ററുകൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന് അധികം നൽകിയ ₹1881 (34,912 - 33,031) ജില്ലാ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. അയതിനാൽ ₹1881 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-18 ജില്ലാ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ മുഴുവൻ മരുന്നും ലഭ്യമാകാത്തതിനാൽ ₹1,81,570 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ചീഫ് മെഡിക്കൽ ഓഫീസർ ജില്ലാ ഹോമിയോ ആശുപത്രി

പ്രോജക്ട് നമ്പർ : 19/16

പ്രോജക്ടിന്റെ പേര് : ജില്ലാ ഹോമിയോ ആശുപത്രിക്ക് മരുന്ന്, ലാബ് റീ ഏജന്റ് വാങ്ങൽ

അടങ്കൽ : ₹ 10,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവ് തുക : ₹ 8,00,000

ബിൽ നമ്പർ : 3/15-16/28-01-2016

ജില്ലാ ഹോമിയോ ആശുപത്രിക്ക് മരുന്ന്, ലാബ് റീ ഏജന്റ് എന്നിവ ലഭ്യമാക്കുന്നതിനായി, മുകളിൽ കൊടുത്ത പ്രകാരം ₹8,00,000 പിൻവലിച്ച് (ഡി.ഡി നമ്പർ 985729 /15-01-16ആലപ്പുഴയിലുള്ള കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പ് ഫാർമസിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയിസ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പ്രകാരം ₹6,18,430 യുടെ മരുന്ന് മാത്രമാണ് ആശുപത്രിയിൽ ലഭിച്ചിട്ടുള്ളത്. ₹1,81,570 (8,00,000-6,18,430) യുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. ആയതിനാൽ ₹1,81,570 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തതിനാൽ ₹97,74,278 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ, കണ്ണൂർ

പ്രോജക്ട് നമ്പർ : 32/16

പ്രോജക്ടിന്റെ പേര് : ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്

അടങ്കൽ : ₹ 97,83,511 വികസന ഫണ്ട്

| ക്രമ നമ്പർ | ബിൽ നമ്പർ/ തീയ്യതി | തുക |
|---|---|---|
| 1 | 7/15-16/21-12-2015 | 14,08,250 |
| 2 | 11/15-16/18-2-2016 | 20,77,678 |
| 3 | 12/15-16/18-2-2016 | 6,73,750 |
| 4 | 13/15-16/16-3-2016 | 27,59,750 |
| 5 | 14/15-16/16-3-2016 | 21,40,150 |
| 6 | 19/15-16/19-3-2016 | 5,39,700 |
| 7 | 21/15-16/28-3-2016 | 1,75,000 |
| ആകെ | | 97,74,278 |

മേൽ പ്രൊജക്ട് പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ജില്ലാ പഞ്ചായത്ത് വിഹിതമായി ₹ 97,74,278 നൽകിയിട്ടുണ്ട്. ആയത് പ്രകാരം താഴെ കൊടുത്ത ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ ₹ 97,74,278 യുടെ കൈപ്പറ്റ് രശീതിയും ധനവിനിയോഗ സാക്ഷ്യപത്രവും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 17-03-2017 ന് നൽകിയ ഓഡിററ് എൻക്വയറിക്ക് (നം.10)മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | തുക ₹ |
|---|---|---|
| 1 | പട്ടുവം ഗ്രാമ പഞ്ചായത്ത് | 1,25,000 |
| 2 | കരിവെള്ളൂർ പെരളം ഗ്രാമ പഞ്ചായത്ത് | 1,12,500 |
| 3 | കൊളച്ചേരി ഗ്രാമ പഞ്ചായത്ത് | 2,12,500 |

| | | |
|---|---|---|
| 4 | നാറാത്ത് ഗ്രാമ പഞ്ചായത്ത് | 1,45,750 |
| 5 | രാമന്തളി ഗ്രാമ പഞ്ചായത്ത് | 1,62,500 |
| 6 | കടമ്പൂർ ഗ്രാമ പഞ്ചായത്ത് | 1,50,000 |
| 7 | കണ്ണപുരം ഗ്രാമ പഞ്ചായത്ത് | 50,000 |
| 8 | ചെറുതാഴം ഗ്രാമ പഞ്ചായത്ത് | 2,50,000 |
| 9 | നടുവിൽ ഗ്രാമ പഞ്ചായത്ത് | 2,00,000 |
| 10 | എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് | 1,12,500 |
| 11 | മുണ്ടേരി ഗ്രാമ പഞ്ചായത്ത് | 2,23,925 |
| 12 | മാട്ടൂൽ ഗ്രാമ പഞ്ചായത്ത് | 75,000 |
| 13 | കരിയാട് ഗ്രാമ പഞ്ചായത്ത് | 1,24,428 |
| 14 | ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് | 2,12,500 |
| 15 | മൊകേരി ഗ്രാമ പഞ്ചായത്ത് | 87,500 |
| 16 | ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് | 1,12,500 |
| 17 | കേളകം ഗ്രാമ പഞ്ചായത്ത് | 37,500 |
| 18 | എടക്കാട് ഗ്രാമ പഞ്ചായത്ത് | 2,38,225 |
| 19 | കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്ത് | 1,25,000 |
| 20 | പരിയാരം ഗ്രാമ പഞ്ചായത്ത് | 2,00,000 |

| | | |
|---|---|---|
| 21 | എരുവേശ്ശി ഗ്രാമ പഞ്ചായത്ത് | 1,06,000 |
| 22 | ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് | 87,600 |
| 23 | ചൊക്ലി ഗ്രാമ പഞ്ചായത്ത് | 1,50,000 |
| 24 | കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്ത് | 1,85,000 |
| 25 | കൊട്ടിയൂർ ഗ്രാമ പഞ്ചായത്ത് | 98,750 |
| 26 | ചെങ്ങളായി ഗ്രാമ പഞ്ചായത്ത് | 1,00,000 |
| 27 | മാടായി ഗ്രാമ പഞ്ചായത്ത് | 2,75,000 |
| 28 | കടന്നപ്പള്ളി ഗ്രാമ പഞ്ചായത്ത് | 1,25,000 |
| 29 | കോളയാട് ഗ്രാമ പഞ്ചായത്ത് | 75,000 |
| 30 | മലപ്പട്ടം ഗ്രാമ പഞ്ചായത്ത് | 22,425 |
| 31 | കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് | 78,600 |
| 32 | മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് | 2,50,000 |
| 33 | കൂടാളി ഗ്രാമ പഞ്ചായത്ത് | 1,36,775 |
| 34 | തില്ലങ്കേരി ഗ്രാമ പഞ്ചായത്ത് | 62,500 |
| 35 | വേങ്ങാട് ഗ്രാമ പഞ്ചായത്ത് | 2,24,900 |
| 36 | പിണറായി ഗ്രാമ പഞ്ചായത്ത് | 2,10,300 |
| 37 | ശ്രീകണ്ഠാപുരം ഗ്രാമ പഞ്ചായത്ത് | 1,63,000 |

| | | |
|---|---|---|
| 38 | കതിരൂർ ഗ്രാമ പഞ്ചായത്ത് | 1,61,375 |
| 39 | തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് | 1,25,000 |
| 40 | കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് | 1,50,000 |
| 41 | മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് | 1,18,750 |
| 42 | പയ്യാവൂർ ഗ്രാമ പഞ്ചായത്ത് | 1,30,525 |
| 43 | പേരാവൂർ ഗ്രാമ പഞ്ചായത്ത് | 1,50,000 |
| 44 | ചേലോറ ഗ്രാമ പഞ്ചായത്ത് | 1,56,000 |
| 45 | പായം ഗ്രാമ പഞ്ചായത്ത് | 1,14,025 |
| 46 | കണിച്ചാർ ഗ്രാമ പഞ്ചായത്ത് | 75,000 |
| 47 | അഞ്ചരക്കണ്ടി ഗ്രാമ പഞ്ചായത്ത് | 1,06,800 |
| 48 | പെരിങ്ങളം ഗ്രാമ പഞ്ചായത്ത് | 1,10,100 |
| 49 | അയ്യൻക്കുന്ന് ഗ്രാമ പഞ്ചായത്ത് | 1,25,000 |
| 50 | ചെറുപുഴ ഗ്രാമ പഞ്ചായത്ത് | 2,80,000 |
| 51 | പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്ത് | 1,62,500 |
| 52 | ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | 60,000 |
| 53 | കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്ത് | 1,34,425 |
| 54 | അഴീക്കോട് ഗ്രാമ പഞ്ചായത്ത് | 2,38,500 |

| | | |
|---|---|---|
| 55 | വളപട്ടണം ഗ്രാമ പഞ്ചായത്ത് | 48,175 |
| 56 | പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് | 2,09,275 |
| 57 | പെരളശ്ശേരി ഗ്രാമ പഞ്ചായത്ത് | 1,45,800 |
| 58 | കീഴൂർ ചാവശ്ശേരി ഗ്രാമ പഞ്ചായത്ത് | 2,50,000 |
| 59 | ആറളം ഗ്രാമ പഞ്ചായത്ത് | 2,00,000 |
| 60 | ചിറക്കൽ ഗ്രാമ പഞ്ചായത്ത് | 2,12,650 |
| 61 | കാങ്കോൽആലപ്പടമ്പ ഗ്രാമ പഞ്ചായത്ത് | 87,500 |
| 62 | പള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത് | 2,00,000 |
| 63 | പാനൂർ ഗ്രാമ പഞ്ചായത്ത് | 61,200 |
| 64 | പാട്യം ഗ്രാമ പഞ്ചായത്ത് | 70,500 |
| 65 | ആലക്കോട് ഗ്രാമ പഞ്ചായത്ത് | 2,00,000 |
| 66 | കോട്ടയം ഗ്രാമ പഞ്ചായത്ത് | 1,33,000 |
| 67 | ന്യൂ മാഹി ഗ്രാമ പഞ്ചായത്ത് | 75,000 |
| 68 | പന്ന്യന്നൂർ ഗ്രാമ പഞ്ചായത്ത് | 75,000 |
| 69 | ധർമ്മടം ഗ്രാമ പഞ്ചായത്ത് | 1,00,000 |
| | ആകെ | ₹ 97,74,278 |

ജി.ഒ.(എം.എസ്)നം.362/2013/ത.സ്വ.ഭ.വ. തീയ്യതി 16-11-2013 ഖണ്ഡിക 11.13

(VIII-O) പ്രകാരം സംയുക്ത പ്രൊജക്ടുകൾക്ക് വേണ്ടി കൈമാറുന്ന തുക ഡിസംബർ 31 ന് മുമ്പെങ്കിലും കൈമാറിയിരിക്കണമെന്നും കൈപ്പറ്റിയ തുക അതത് സാമ്പത്തിക വർഷത്തിലെ ഫെബ്രുവരി മാസത്തിലെങ്കിലും ചെലവഴിച്ചിരിക്കണമെന്നും അങ്ങനെ ചെലവഴിച്ചിട്ടില്ലെങ്കിൽ അത് നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് തിരിച്ച് നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ നാളിതുവരെയായി മേൽ കൊടുത്ത സ്ഥാപനങ്ങളിൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രവും കൈപ്പറ്റ് രശീതിയും ഹാജരാക്കാത്തതിനാൽ ₹97,74,278 യുടെ ചെലവ് തടസപ്പെടുത്തുന്നു.

## 3-20 എസ്.എസ്.എ പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ - ഇനം തിരിച്ചുള്ള ചെലവ് വിവരം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത്

പ്രോജക്ട് നമ്പർ : 3/16

പ്രോജക്ടിന്റെ പേര് : SSAപദ്ധതിക്ക് ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ

